# പ്രസാധകക്കുറിപ്പ്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു ഗ്രാമശാസ്ത്രസമിതിയും, ഗ്രാമശാസ്ത്രജാഥയും. താഴെ തലത്തിലുള്ള അനൗപചാരിക ആസൂത്രണസമിതികളായാണ് ഗ്രാമശാസ്ത്രസമിതികളെ പരിഷത്ത് വിഭാവനം ചെയ്തിരുന്നത്. ജീവിതഗന്ധിയായ വിഷയങ്ങൾ അതിന്റെ വിശദാംശങ്ങളോടെ ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിനായിരുന്നു ഗ്രാമജാഥകൾ നടത്തിയിരുന്നത്. 1970കളിലും 1980കളിലുമാണ് ഈ പ്രവർത്തനങ്ങൾ കൂടുതൽ നടന്നത്. ഇടക്കാലത്ത് ഈ പ്രവർത്തനങ്ങൾ നിർത്തിവച്ചപ്പോഴും ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിന് പദയാത്രകൾക്കുള്ള സാധ്യതയെപ്പറ്റി പരിഷത്തിന് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി 26 മുതൽ ഫെബ്രുവരി 28 വരെ നടന്ന കേരളപദയാത്രയുടെ അനുഭവങ്ങൾ ഏറെ ആവേശകരമായിരുന്നു. ഒരു സംസ്ഥാനജാഥയായതിനാൽ നിശ്ചിത സമയത്തിനിടയിൽ ബന്ധപ്പെടാവുന്ന ജനങ്ങൾക്കും പ്രദേശങ്ങൾക്കും പരിധിയുണ്ടായിരുന്നുതാനും.

പദയാത്ര കഴിഞ്ഞ് ഒരു വർഷത്തിനിടയിൽ തന്നെ അന്ന് ചൂണ്ടിക്കാട്ടിയ പലതും ഇന്ത്യയിൽ പുതിയ പ്രതിസന്ധികളായി മാറിയിരിക്കയാണ്. അതിൽ പ്രധാനം ശാസ്ത്രബോധത്തിന്റെയും ഇന്ത്യയിലെ ശാസ്ത്ര സംവിധാനത്തിന്റെയും തകർച്ചയാണ്. സ്വതന്ത്രഇന്ത്യയുടെ പിൻനടത്തത്തിനാണ് ഇന്ന് വേഗത കൂടിക്കൊണ്ടിരിക്കുന്നത്. ഈ തിരിച്ചുപോക്കിനിടയിൽ നവ ലിബറലിസവും കോവിഡും തകർത്തെറിഞ്ഞ ഇന്ത്യയ്ക്ക് ബദലായൊരു ഇന്ത്യ സൃഷ്ടിക്കാൻ കഴിയില്ല. അതിനു കഴിയണമെങ്കിൽ ശാസ്ത്രബോധമടക്കമുള്ള ഭരണഘടനാമൂല്യങ്ങളെ ഇന്നത്തേതിനെക്കാൾ ആഴത്തിൽ പ്രചരിപ്പിക്കാനും ഒപ്പം ഇന്ത്യയിലെ മനുഷ്യ പ്രകൃതിവിഭവങ്ങളെ ആസൂത്രിതമായി വിനിയോഗിക്കാനും കഴിയണം. അത്തരമൊരു ഇന്ത്യയുടെ ഭാഗമായി മാത്രമേ ഒരു നവ

കേരള സൃഷ്ടിയും സാധ്യമാകൂ എന്ന് ഞങ്ങൾ കരുതുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കരുത്താർജിച്ച സാമൂഹികപരിഷ്കരണപ്രവർത്തനങ്ങൾ കേരളചരിത്രത്തിൽ ഒരു പ്രത്യേകഘട്ടത്തെ അടയാളപ്പെടുത്തുന്നുവെങ്കിലും ആ പ്രക്രിയയിൽ ശാസ്ത്രബോധം പ്രധാന പങ്കാളിയായിരുന്നില്ല. പ്രശ്നപരിഹാരം ശാസ്ത്രത്തിന്റെ നിരീക്ഷണ-പരീക്ഷണങ്ങളിൽ അധിഷ്ഠിതമാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ബൗദ്ധിക ജീവിതം നയിക്കുന്നവർ പോലും പ്രശ്നപരിഹാരത്തിനായി ഭൗതികേതര മാർഗങ്ങൾ ആരായുന്ന രീതി ശക്തിപ്പെട്ടു. അതിനാൽ പുരോഗമന ആശയങ്ങൾക്കൊപ്പം തന്നെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂടി വളരുന്നതിനിടയാക്കി. ഈ സ്ഥിതി വളർന്നുവളർന്ന് ഇപ്പോൾ അന്ധവിശ്വാസവും മതവിശ്വാസവും ഈശ്വരവിശ്വാസവും തമ്മിലുള്ള വ്യത്യാസം പോലും തിരിച്ചറിയാതാവുകയാണ്. അതുകൊണ്ടുതന്നെ അന്ധവിശ്വാസത്തിനെതിരായുള്ള ചെറിയൊരു വിമർശനം പോലും മത/ഈശ്വര വിശ്വാസവിമർശനങ്ങളാക്കി പെരുപ്പിച്ച് തെരുവുകളെ പ്പോലും കലാപഭൂമികളാക്കി മാറ്റുകയാണ്.

ഇക്കാര്യങ്ങളെല്ലാം ജനങ്ങൾക്കിടയിൽ ചർച്ചചെയ്യാനുള്ള ബഹുജനവിദ്യാഭ്യാസപരിപാടിയായാണ് ഗ്രാമശാസ്ത്രജാഥ 2023 സംഘടിപ്പിക്കുന്നത്. പുത്തനിന്ത്യ പണിയുവാൻ ശാസ്ത്രബോധം വളരണം എന്നതാണ് പ്രധാന ചർച്ചാവിഷയം. ശാസ്ത്രബോധമാണ് ഒരു സമൂഹത്തിന്റെ ഏറ്റവും ഉയർന്ന രാഷ്ട്രീയബോധം എന്ന തിരിച്ചറിവിലാണ് പരിഷത്ത് ഈ ഒരു വിഷയം ചർച്ചചെയ്യുന്നത്. ശാസ്ത്രബോധത്തിലധിഷ്ഠിതമായ പുതിയൊരു സംസ്കാരമാണ് ഇതിന്റെ ഉൽപ്പന്നമായി പ്രതീക്ഷിക്കുന്നത്. 2023 ഡിസംബറിലാണ് ഗ്രാമശാസ്ത്രജാഥ നടക്കുന്നത്. ഒരു പദയാത്രയായി മാത്രമല്ല ജാഥ സംഘടിപ്പിച്ചിട്ടുള്ളത്. കാലികപ്രസക്തമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ, ഗ്രന്ഥങ്ങൾ എന്നിവ ഇതോടൊപ്പം വ്യാപകമായി പ്രചരിപ്പിക്കും.

പരിഷത്ത് ക്യാമ്പയിനുകളുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഒരു ലഘുലേഖയാണ് 'വിദ്യാഭ്യാസരംഗത്തെ വർഗീയ കടന്നാക്രമണങ്ങൾ: കരുതിയിരിക്കാം ചെറുക്കാം'. ഇത് തയ്യാറാക്കിയിട്ടുള്ളത് വിദ്യാഭ്യാസ വിദഗ്ധനായ പി.വി.പുരുഷോത്തമനാണ്. അദ്ദേഹത്തിന് പ്രത്യേകം നന്ദി. ഈ വിഷയം ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

*കേന്ദ്രസർക്കാർ 2020ൽ പുറത്തിറക്കിയ പുതിയ വിദ്യാഭ്യാസനയത്തെക്കുറിച്ച് 'ദേശീയവിദ്യാഭ്യാസനയം ഒരു വിമർശനാത്മക വായന' എന്ന പേരിൽ പരിഷത്ത് ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുകയുണ്ടായി. നീണ്ട 34 വർഷങ്ങൾക്കുശേഷം അവതരിപ്പിക്കപ്പെട്ട ഈ നയത്തിന്റെ സവിശേഷതകൾ വർഗീയവത്കരണവും സ്വകാര്യവത്കരണവും വാണിജ്യവത്കരണവും കേന്ദ്രീകരണവും പൊതുവിദ്യാഭ്യാസരംഗത്തുനിന്നുള്ള സർക്കാർ പിന്മാറ്റവുമൊക്കെയാണെന്ന് ലഘുലേഖയിലൂടെ വിശദീകരിക്കാൻ ശ്രമിച്ചിരുന്നു.*

*പുതിയ പാർലമെന്റിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് മെമ്പർമാർക്ക് വിതരണം ചെയ്തത് 'മതേതരത്വ'വും 'സ്ഥിതിസമത്വ'വും ഇല്ലാത്ത ഭരണഘടനയായിരുന്നു. ഈ നയം വന്നതിനുശേഷം ഏതാണ്ട് ഒന്നര ലക്ഷത്തോളം സ്കൂളുകൾ രാജ്യമാകെ അടച്ചുപൂട്ടപ്പെട്ടു എന്നാണ് ചില സർക്കാർ രേഖകളും പഠനങ്ങളും വ്യക്തമാക്കുന്നത്. ഇതുൾപ്പെടെ ദേശീയതലത്തിലും വിവിധ സംസ്ഥാനങ്ങളിലും അടുത്തകാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ വിശകലനം ചെയ്താൽ പരിഷത്ത് നേരത്തെ പറഞ്ഞത് അക്ഷരംപ്രതി ശരിയാണെന്ന് ഏതൊരാൾക്കും ബോധ്യപ്പെടും.*

*അടുത്ത കാലത്തുണ്ടായ ഒരു തർക്കം നോക്കൂ. നമ്മുടെ രാജ്യം പൊതുവെ അറിയപ്പെടുന്നത് 'ഇന്ത്യ' എന്നാണ്. ചിലപ്പോൾ 'ഭാരതം' എന്നും നാം പറയാറുണ്ട്. എന്നാൽ ഇനിയങ്ങോട്ട് പാഠപുസ്തകത്തിൽ ഭാരതം എന്നുമാത്രം മതിയെന്ന് നിർദേശം വന്നിരിക്കുന്നു. ഇങ്ങനെയൊരു നീക്കം എന്തുകൊണ്ടാവാം?*

ഇന്ത്യ എന്ന പേര് വിദേശികൾ നൽകിയതാണത്രേ. അതൊരു

'ശൂദ്ര'പദമാണെന്ന അഭിപ്രായവും ചില കോണുകളിൽനിന്ന് നേരത്തെ ഉയർന്നിട്ടുണ്ടായിരുന്നു. ഇതെല്ലാംകൊണ്ട് ഇന്ത്യ വേണ്ടെന്നും ഭാരതം മതിയെന്നുമാണ് ഇപ്പോഴത്തെ ഭരണാധികാരികളുടെ കണ്ടെത്തൽ.

2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് അടുത്തുവരികയാണ്. തെരഞ്ഞെടുപ്പിൽ ദേശീയ ജനാധിപത്യസഖ്യത്തെ (NDA) നേരിടാൻ 24 പ്രതിപക്ഷകക്ഷികൾ ചേർന്ന് INDIA എന്ന മുന്നണിക്ക് രൂപംകൊടുത്തിരിക്കുന്നു. ഇന്ത്യ എന്ന പദത്തെ വൈദേശികമെന്ന് പറഞ്ഞ് അകറ്റി നിർത്താൻ ഭരണാധികാരികൾ ഇപ്പോൾ തിടുക്കപ്പെടുന്നത് ഇതുകൊണ്ടുകൂടിയാണെന്നാണ് ചിലർ പറയുന്നത്.

ജി-20 സമ്മേളനത്തിന്റെ ഭാഗമായി രാഷ്ട്രപതി ഇതര രാഷ്ട്രത്തലവന്മാർക്ക് അയച്ച ഒരു ക്ഷണക്കത്തിൽ സ്വയം സംബോധന ചെയ്തത് 'പ്രസിഡന്റ് ഓഫ് ഭാരത്' എന്നായിരുന്നു. സമ്മേളനം നടക്കുന്ന ഹാളിൽ പ്രധാനമന്ത്രിയുടെ മുന്നിൽവച്ച നെയിംബോർഡിൽ നാം കണ്ടത് ഭാരത് എന്നാണ്. തുടർന്ന് കേന്ദ്രഭരണകക്ഷിയുടെ നേതാക്കന്മാരും ജനപ്രതിനിധികളും അവരെ പിന്തുണയ്ക്കുന്ന ചാനലുകളും രാജ്യത്തിന്റെ പേര് പറയാൻ ആവർത്തിച്ച് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് ഭാരത് എന്ന പദമാണ്. കഴിഞ്ഞ സെപ്തംബർ 3ന് നടന്ന ഒരു ചടങ്ങിൽ വച്ച് ഭാരത് എന്ന് വിളിക്കേണ്ടതിന്റെ അനിവാര്യതയും ആവശ്യകതയും ആർ.എസ്.എസ്. ചീഫ് മോഹൻ ഭഗത് തന്നെ വ്യക്തമാക്കുകയുണ്ടായി. പാഠപുസ്തകത്തിൽ 'ഭാരത്' എന്നുമാത്രം ചേർത്താൽ മതിയെന്ന നിർദേശം ഇതിന്റെ തുടർച്ചയായി വേണം കരുതാൻ.

ഈ നീക്കം ഭരണഘടനാനുസൃതമാണോ? ഭരണഘടനയിൽ ഇന്ത്യ എന്നും ഭാരത് എന്നും പറയുന്നില്ലേ?

ശരിയാണ്. ഭരണഘടനയിലെ ഈ തീർപ്പ് മറികടക്കാൻ ജുഡീഷ്യൽ പദവി ഇല്ലാത്ത എൻ.സി.ഇ.ആർ.ടി.ക്ക് കഴിയുമോ എന്ന ചോദ്യം ഉയരുന്നുണ്ട്.

രാജ്യത്തിന്റെ പേര് എന്തായിരിക്കണം എന്നതു സംബന്ധിച്ച തർക്കം നേരത്തെത്തന്നെ ഉള്ളതാണ്. നമ്മുടെ ഭരണഘടനയ്ക്ക് രൂപംനൽകുന്ന സമയത്ത് അതിനായി നിയോഗിച്ച സമിതിയിലെ അംഗങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ ചൂടേറിയ സംവാദങ്ങൾ നടന്നിരുന്നു. 'ഹിന്ദുസ്ഥാൻ' ഉൾപ്പെടെ പല പേരുകളും നിർദേശിക്കപ്പെട്ടിരുന്നു. തർക്കം ഒഴിവാക്കാൻ ഒരു സമവായം എന്ന നിലയിലാണ് 'ഇന്ത്യ, അതായത് ഭാരതം' (India, that is Bharat) എന്ന് രണ്ടിനും തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു തീരുമാനത്തിലേക്ക് അന്തിമമായി എത്തിച്ചേർ

ന്നത്. അപ്പോഴും രാജ്യത്തെ 'റിപ്പബ്ലിക് ഓഫ് ഇന്ത്യ' എന്ന് വിശേഷിപ്പിച്ചതിലൂടെ ഒരല്പം മുൻതൂക്കം ഇന്ത്യ എന്ന പദത്തിന് തന്നെയാണെന്ന് കരുതണം.

എന്നാൽ രാജ്യം ഒരു മതനിരപേക്ഷ സംവിധാനമായതിലുള്ള കുണ്ഠിതം ഇപ്പോഴും ഉള്ളിൽ കൊണ്ടുനടക്കുന്നവരാണ് സവർക്കരുടെ പിന്മുറക്കാർ. ഒരു ഭാഗത്ത് സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊള്ളുമ്പോൾ, അതിലൊന്നും പങ്കെടുക്കാതെ ബ്രിട്ടീഷ് ഭരണകൂടത്തിന് പാദസേവ ചെയ്തവരായിരുന്നു 'സവർക്കറൈറ്റു'കൾ. സ്വാതന്ത്ര്യം കിട്ടുമെന്നായപ്പോൾ മുസ്ലീങ്ങളെ പാക്കിസ്ഥാനിലേക്കോടിച്ച് ബാക്കിഭാഗത്തെ ഒരു ഹിന്ദുരാജ്യമാക്കാനാവുമെന്ന് അവർ വ്യാമോഹിച്ചു. അതിനുള്ള പല പ്രവർത്തനങ്ങളും നടത്തിനോക്കി. എന്നാൽ ഗാന്ധിയും നെഹ്റുവും അംബേദ്ക്കറും ഉൾപ്പെടെയുള്ള പക്വമായ ദേശീയ നേതൃത്വം അവരുടെ നീക്കത്തെ ചെറുത്തു.

പഴയ ഹിന്ദുമഹാസഭയുടെ പിന്മുറക്കാർക്ക് 'ഹിന്ദുസ്ഥാൻ' സാധിതമാക്കാൻ ആദ്യം വേണ്ടിയിരുന്നത് അധികാരത്തിൽ വരിക എന്നതായിരുന്നു. ജനങ്ങളെ വർഗീയമായി ഭിന്നിപ്പിച്ചും സ്പർധ വളർത്തിയും കടന്നാക്രമിച്ചും ചോരപ്പുഴകൾ ഒഴുക്കിയും ചാണക്യതന്ത്രങ്ങൾ പലതും പയറ്റിയും ഒടുവിൽ അവർ അതിൽ വിജയിച്ചു. ഇനിയുള്ളത് കിട്ടിയ അധികാരം നിലനിർത്തലും ബാക്കിയുള്ള അജണ്ടകൾ ഒന്നൊന്നായി നടപ്പാക്കലുമാണ്. അതിന് അവർക്ക് വീണ്ടും വിഭജന രാഷ്ട്രീയവും മതദേശീയതയും പൂർവാധികം തീവ്രതയോടെ ആളിക്കത്തിക്കണം. അതിനുള്ള നിരവധി എപ്പിസോഡുകളാണ് രാമക്ഷേത്ര നിർമാണവും പൗരത്വഭേദഗതിബില്ലും ഏകീകൃതസിവിൽകോഡും ചെങ്കോൽ സ്ഥാപിക്കലും മാധ്യമങ്ങളെ വരുതിയിലാക്കലും ഇന്ത്യയ്ക്കുപകരം ഭാരതം എന്ന വാദം ഉയർത്തലും മറ്റും. അതുകൊണ്ടുതന്നെയാണ് ഇത് കേവലം ഒരു പേരിനെക്കുറിച്ചുള്ള തർക്കമല്ലെന്നും പുതിയ ചില നീക്കങ്ങളിലൂടെ ഒരു വിഭാഗത്തെ ആവേശംകൊള്ളിക്കാനും മറ്റൊരുവിഭാഗത്തെ കൂടുതൽ കൂടുതൽ ആശങ്കാകുലരാക്കാനുമുള്ള ശ്രമമാണെന്നും പറയേണ്ടിവരുന്നത്. വീണ്ടുമൊരിക്കൽ അധികാരത്തിലെത്താനുള്ള അന്തരീക്ഷനിർമാണമാണ് ഇപ്പോൾ നടക്കുന്നത്. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ യഥാർഥപ്രശ്നങ്ങൾ ചർച്ചചെയ്യാതിരിക്കാനുള്ള തന്ത്രംകൂടിയാണിത്.

*ഭാരതമെന്ന പേരിനെ അങ്ങനെ ഭയപ്പെടേണ്ടതുണ്ടോ? വളരെക്കാലമായി നാമത് ഉപയോഗിക്കുന്നില്ലേ? ഇതിനു പിന്നിൽ എന്ത് അജണ്ട*

*യുണ്ടെന്നാണ് ആരോപിക്കുന്നത്?*

ഭാരതമെന്ന പദത്തോട് എന്തെങ്കിലും വിപ്രതിപത്തി തോന്നേണ്ട കാര്യമില്ല. എന്നാൽ പാഠപുസ്തകങ്ങളിൽ ഇനിമുതൽ ഭാരതമെന്ന പേര് മാത്രം ഉപയോഗിച്ചാൽ മതിയെന്നാണ് പ്രൊഫ. സി.ഐ. ഐസക്ക് നേതൃത്വംനൽകുന്ന സോഷ്യൽ സയൻസ് പാഠപുസ്തക സമിതി പറയുന്നത്. ഇന്ത്യയെന്ന് ഉപയോഗിക്കാൻ തുടങ്ങിയിട്ട് രണ്ട് നൂറ്റാണ്ടേ ആയിട്ടുള്ളുവെന്നും അതാകട്ടെ വിദേശികൾ നൽകിയതാണെന്നുമാണ് പോരായ്മയായി പറയുന്നത്. ഭാരതം എന്നതാകട്ടെ നൂറ്റാണ്ടുകളായി ഇവിടെ ഉപയോഗിച്ചുവരുന്നുണ്ടെന്നും വിഷ്ണുപുരാണത്തിലെയും കാളിദാസകൃതിയിലെയും പരാമർശങ്ങൾ ഇതിന് തെളിവാണെന്നും കമ്മിറ്റി ചെയർമാൻ വാദിക്കുന്നു.

സമുദ്രത്തിന് വടക്കുള്ളതും ഹിമാലയത്തിന് തെക്കുള്ളതുമായ ദേശം ഭാരതമാണെന്നും അതിൽ നിവസിക്കുന്നത് ഭരതന്റെ പിന്മുറക്കാരാണെന്നും വിഷ്ണുപുരാണത്തിൽ പറയുന്നു എന്നത് ശരിയാണ്. പക്ഷേ പല ഭരതന്മാർ ഉള്ളതിൽ ഇത് ഏത് ഭരതനാണെന്ന് ആർക്കും ഖണ്ഡിതമായി പറയാനാവുന്നില്ല. ഭരതർ എന്ന ഗോത്രത്തിൽനിന്നു വന്ന പേരാണിതെന്നും അഭിപ്രായമുണ്ട്. ചുരുക്കത്തിൽ ഭാരതം എന്ന പദത്തെ സംബന്ധിച്ചുതന്നെ അവ്യക്തതകളുണ്ട്. ആസേതുഹിമാലയം വ്യാപിച്ചുകിടന്ന ഒരു രാജ്യം വളരെക്കാലം ഉണ്ടായിരുന്നുവെന്നതിനും അതിന് ഭാരതം എന്ന പേരുണ്ടായിരുന്നു എന്നതിനും ശാസ്ത്രീയമായ തെളിവൊന്നുമില്ല. ഉള്ളതാകട്ടെ, അവ്യക്തവും പരസ്പരം പൊരുത്തപ്പെടാത്തതുമായ പുരാണകഥകളും സാഹിത്യപരാമർശങ്ങളും മാത്രമാണ്. ഇന്ത്യ എന്ന പദത്തെക്കുറിച്ചാവട്ടെ യവനർ തൊട്ട് ബ്രിട്ടീഷുകാർ വരെയുള്ളവരുടെ രേഖകൾ തെളിവായി ഉണ്ടുതാനും. രണ്ട് പേരുകൾക്കും ഇന്നത്തെ ഇന്ത്യയെ പൂർണമായും ഉൾക്കൊള്ളാനുള്ള ഭൂമിശാസ്ത്രപരമായ വ്യാപ്തിയോ ചരിത്രപരമായ കൃത്യതയോ ഇല്ല എന്നതാണ് വസ്തുത?

സംസ്ഥാനങ്ങളുടെ യൂണിയൻ എന്ന നിലയിൽ കൃത്യമാക്കപ്പെട്ട അതിരുകളോടു കൂടിയതും പ്രഖ്യാതമായ മതേതര-ജനാധിപത്യ സങ്കൽപങ്ങളെ ഉൾക്കൊള്ളുന്നതുമായ ഒരു ആധുനിക ദേശനാമമായി ഇതിനകം സ്വീകരിക്കപ്പെട്ടുകഴിഞ്ഞ പദമാണ് ഇന്ത്യ എന്നത്. ഇവിടുത്തെ ജനത, അതിന് തുല്യമായിത്തന്നെ ഭാരതം എന്നും അഭിമാനപൂർവം പറഞ്ഞുവരുന്നു. ഇതിൽ ഒരു തർക്കത്തിന്റെയും ആവശ്യം ജനങ്ങളെ സംബന്ധിച്ച് ഇല്ല.

എന്നാൽ ഹിന്ദുത്വശക്തികൾക്ക് അത് പോരാ. അവർക്ക് കുളം കലക്കി മീൻ പിടിച്ചുകൊണ്ടേയിരിക്കണം. ഐതിഹ്യസ്പർശമുള്ളതും

മതാത്മകവുമായ ഭാരതം എന്ന പദത്തെ തിരിച്ചുകൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാണ്. അത് ചെയ്യാനായാൽ ചിരപുരാതനവും അഖണ്ഡവുമായ ഒരു ദേശസങ്കൽപത്തെ എളുപ്പത്തിൽ മുന്നോട്ടുവയ്ക്കാനാവും. ആര്യമഹിമയിലേക്കും സനാതന ഹിന്ദുത്വത്തിലേക്കുമൊക്കെ മടങ്ങിപ്പോവുകയെന്നത് അതോടെ എളുപ്പമാവും. ഒരുപക്ഷേ ശ്രീരാമന്റെ സഹോദരനായ ഭരതന്റെ പേരിലേക്ക് ക്രമേണ ഭാരതത്തെ കൂട്ടിക്കെട്ടാനും രാമരാജ്യമായി ഇന്ത്യയെ അവതരിപ്പിക്കാനുമാവും. രാമക്ഷേത്രം തുറന്നുനൽകാൻ പോകുന്ന സാഹചര്യത്തിൽ ഇത് മറ്റൊരു 'സ്ട്രാറ്റജിക്' നീക്കം ആയിരിക്കുമല്ലോ.

ഭാരതം എന്നും ഭാരതഖണ്ഡം എന്നും ഭാരതവർഷം എന്നുമുള്ള പേരുകൾക്ക് പല പോരായ്മകളും ഉണ്ടെന്ന് പറഞ്ഞയാളാണ് സവർണഹിന്ദുത്വയുടെ പരമാചാര്യനായ സവർക്കർ. പകരം ഹിന്ദുസ്ഥാൻ എന്ന പേരാണ് ഏറ്റവും ഉചിതമെന്ന് 1923ൽ രചിച്ച The essentials of hindutva എന്ന പുസ്തകത്തിൽ സവർക്കർ പറയുന്നുണ്ട്. ഒരുപക്ഷേ, ആദ്യഘട്ടമെന്ന നിലയിൽ ഇന്ന് ഏറ്റവുമേറെ പ്രയോജനപ്പെടാനിടയുള്ള ഭാരതമെന്ന പേരിനായി വാദിക്കാനും മറ്റൊരുഘട്ടത്തിൽ ഹിന്ദുസ്ഥാനിലേക്ക് എത്താനുമാകും സവർണഹിന്ദുത്വയുടെ പദ്ധതി.

പേരിന്റെ പ്രശ്നം ഉൾപ്പെടെ പാഠപുസ്തകത്തിൽ വരുത്താനായി നിർദേശിച്ചിട്ടുള്ള മിക്ക കാര്യങ്ങൾക്കും ശാസ്ത്രീയമായ യുക്തിയോ സാമൂഹികമായ അനിവാര്യതയോ ഇല്ല. മറ്റേതോ അജണ്ട നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ള ആസൂത്രിതമായ നീക്കമായേ സാമാന്യബുദ്ധി നഷ്ടപ്പെടാത്തവർക്ക് ഇതിനെ കാണാനാവൂ.

*പാഠപുസ്തകങ്ങൾ തിരുത്തുന്നതോ മാറ്റുന്നതോ പുതിയ സംഭവമാണോ? കാലാനുസൃതമായ മാറ്റം അനിവാര്യമല്ലേ?*

ഇപ്പോഴത്തെ മാറ്റം കാലാനുസൃതമാണ് എന്ന് എങ്ങനെ പറയാനാകും? പുതിയ തലമുറയെ ഹിന്ദുത്വയുടെ വഴിയിലൂടെ ചെറുപ്പംതൊട്ടേ നടത്താനുള്ള എളുപ്പവഴി പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ ഇടപെടലാണെന്ന് സംഘപരിവാർ പണ്ടേ തിരിച്ചറിഞ്ഞിട്ടുണ്ട്.

കോവിഡിന്റെ മറവിൽ അവർ പാഠപുസ്തകങ്ങളിൽ നടത്തിയ 'കർസേവ' നോക്കൂ. 2020–21ലും 2021–22ലും 9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വാർഷികപ്പരീക്ഷകളിൽനിന്ന് 30% പാഠഭാഗങ്ങൾ കോവിഡിന്റെ പേര് പറഞ്ഞ് ഒഴിവാക്കുകയാണ് ആദ്യം ചെയ്തത്.

കോവിഡ് വിട്ടൊഴിഞ്ഞെങ്കിലും 2022–23ൽ 6 മുതൽ 8 വരെ ക്ലാസുകളിലേക്കും ഈ പ്രക്രിയ വ്യാപിപ്പിച്ചു. നടപ്പുവർഷമാകട്ടെ പുസ്തക

ങ്ങൾ റീപ്രിന്റ് ചെയ്തപ്പോൾ മേൽ പാഠഭാഗങ്ങൾ പാഠപുസ്തകങ്ങളിൽനിന്നുതന്നെ എടുത്തുമാറ്റി. ഇങ്ങനെ 'സുവർണാവസര'രാഷ്ട്രീയത്തിന്റെ ഭാഗമായി, ആദ്യം പരീക്ഷയിൽനിന്നും പിന്നീട് പാഠപുസ്തകങ്ങളിൽനിന്നുതന്നെയും ഒഴിവാക്കപ്പെട്ട ഈ പാഠഭാഗങ്ങളുടെ പൊതുപ്രത്യേകത, സംഘപരിവാറിന് രുചിക്കാത്ത പല ആശയങ്ങളും ചരിത്രവസ്തുതകളും അവയിൽ അടങ്ങിയിരിക്കുന്നു എന്നതുതന്നെയാണ്.

നീക്കിയ അധ്യായങ്ങളിൽ ചിലതിന്റെ പേരുകൾ നോക്കൂ:

- Diversity & Discrimination (ക്ലാസ് 6), On equality & Struggle for equality (ക്ലാസ് 7),
- India after independence (ക്ലാസ് 8), Democracy and Diversity (ക്ലാസ് 10), Key elements of democratic government (ക്ലാസ് 6), Challenges of democracy (ക്ലാസ് 10)
- Popular struggles & movements (ക്ലാസ് 10), Poverty (ക്ലാസ് 11), Confrontation of culture (ക്ലാസ് 11), Rice of popular movements (ക്ലാസ് 12).

മുഗൾസാമ്രാജ്യം, ഡൽഹി സുൽത്താന്മാർ (ക്ലാസ് 7), സെൻട്രൽ ഇസ്ലാമിക് ലാൻഡ്സ് (ക്ലാസ് 11), മുഗൾകോടതികൾ (ക്ലാസ് 12), പരിണാമവാദം (ക്ലാസ് 10), ആവർത്തനപ്പട്ടിക (ക്ലാസ് 10), നക്ഷത്രവും സൗരയൂഥവും (ക്ലാസ് 8), എങ്ങനെയാണ് രോഗം വരുന്നത് (ക്ലാസ് 9), ഭൂമിയുടെ ഉത്ഭവവും പരിണാമവും (ക്ലാസ് 11) എന്നിവയും ഒഴിവാക്കിയവയിൽ ഉൾപ്പെടുന്നു. നവോത്ഥാനവും വ്യവസായവിപ്ലവവുമാണ് ഒഴിവാക്കപ്പെട്ട മറ്റു ചില ഭാഗങ്ങൾ.

ഇന്ത്യയിൽ ഒട്ടേറെ കുട്ടികൾ പത്താംതരം വരെയുള്ള പൊതുവിദ്യാഭ്യാസത്തോടെ ഔപചാരികപഠനം അവസാനിപ്പിക്കുന്നവരാണ്. അതിനുശേഷം പഠിക്കുന്നവരാകട്ടെ തെരഞ്ഞെടുത്ത വിഷയങ്ങൾ മാത്രമേ പഠിക്കുന്നുള്ളൂ. അതുകൊണ്ട് ജനാധിപത്യം, വൈവിധ്യം, ബഹുസ്വരത, ഫെഡറലിസം, അസമത്വങ്ങൾ, ജനകീയസമരങ്ങൾ, ഇസ്ലാമിക ഭരണകാലഘട്ടം, ശാസ്ത്രബോധം എന്നിങ്ങനെ പലതും ഉൾക്കൊള്ളുന്ന ഈ അധ്യായങ്ങൾ കുട്ടികൾ പഠിക്കേണ്ടെന്ന തീരുമാനം ജനാധിപത്യഇന്ത്യയ്ക്ക് ഗുണകരമാണെന്ന് കരുതാനാവില്ല.

മേൽപ്പറഞ്ഞവയിൽ മിക്കതും പൂർണമായും നീക്കപ്പെട്ട അധ്യായങ്ങളാണെങ്കിൽ വേറെ ചില അധ്യായങ്ങളിൽ നിന്ന് ചില പ്രത്യേക വരികൾ നീക്കം ചെയ്യുകയോ അവ എഡിറ്റ് ചെയ്ത് മാറ്റുകയോ ചെയ്താണ് ഈ വർഷം പ്രസിദ്ധീകരിച്ചത്. ഉദാഹരണമായി,

- മഹാത്മാഗാന്ധിയെ വധിച്ച ഗോഡ്സെ, ഒരു ഹിന്ദുതീവ്രവാദിയാണെന്ന സൂചന തന്ത്രപൂർവം ഒഴിവാക്കി. പകരം 'യുവാവായ ഗോഡ്സെ' എന്നു മാത്രം പറഞ്ഞു.
- ആർ.എസ്.എസിന്റെ നിരോധനവും ഗുജറാത്ത് കലാപവും സൂചിപ്പിക്കുന്ന ഭാഗങ്ങളും ശ്രദ്ധാപൂർവം പാഠപുസ്തകങ്ങളിൽനിന്നും എടുത്തു മാറ്റി.

ഗാന്ധിജിയെ വധിച്ച ഗോഡ്സെ ഒരു ഹിന്ദു തീവ്രവാദിയാണെന്നും ആർ.എസ്.എസ്. എന്നത് പലവട്ടം നിരോധിക്കപ്പെട്ട തീവ്രവർഗീയ സംഘടനയാണെന്നും പുതിയ തലമുറ അറിയരുത് എന്നത് തീവ്രഹിന്ദുത്വദേശീയതയുടെ ആവശ്യമാണ്.

ദലിത് മുന്നേറ്റങ്ങൾ, അയിത്തത്തിനെതിരെ നടന്ന പ്രക്ഷോഭങ്ങൾ, ജനാധിപത്യത്തിന് വേണ്ടിയുള്ള പ്രതിരോധങ്ങൾ, മുസ്ലീം നാമധാരികളായ സ്വാതന്ത്ര്യസമരനേതാക്കൾ (ഉദാ: മൗലാനാ അബ്ദുൾ കലാം ആസാദ്), പൗരാവകാശ സമരങ്ങൾ (ഉദാ : നർമദ ബച്ചാവോ ആന്ദോളൻ) തുടങ്ങിയവയെക്കുറിച്ചും കുട്ടികൾ തത്കാലം പഠിക്കേണ്ടതില്ലെന്ന് അവർ നിർദേശിക്കുന്നു.

പകരം, ധീരന്മാരായ ഹിന്ദുരാജാക്കന്മാരെയും ഭാരതത്തിന്റെ പൗരാണികനേട്ടത്തെയും മനുസ്മൃതിയെയും അഖണ്ഡഭാരതത്തെയും സംസ്കൃതത്തിന്റെ മഹത്വത്തെയും വി.ഡി.സവർക്കറെപ്പോലുള്ള ധീരരായ ഭാരതപുത്രന്മാരെയുംകുറിച്ചാണ് കുട്ടികൾ പഠിക്കേണ്ടത് എന്ന് അവർ വളരെക്കാലമായി പറഞ്ഞുകൊണ്ടിരിക്കുന്നു.

NCERT തയ്യാറാക്കി, CBSE ബോർഡിൽ അഫിലിയേറ്റ് ചെയ്ത വിദ്യാലയങ്ങളിൽ പഠിപ്പിച്ചുവരുന്ന പാഠപുസ്തകങ്ങളിലാണ് കോവിഡിന്റെ പേരുപറഞ്ഞ് മാറ്റങ്ങൾ വരുത്തിയത്. മുൻ യു.പി.എ. ഗവണ്മെന്റിന്റെ കാലത്താണ് അവ നിർമിക്കപ്പെട്ടത്. അന്ന് അതിന് നേതൃത്വം നൽകിയ സമിതികളെ നോക്കുകുത്തിയാക്കിയാണ് ഇപ്പോൾ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ആളുകളെ ഉപയോഗിച്ച് ഈ കൃത്യം നിർവഹിച്ചിരിക്കുന്നത്. അതുകൊണ്ടാണ് സോഷ്യൽ സയൻസ് പാഠപുസ്തക നിർമാണത്തിന് അന്ന് നേതൃത്വം നൽകിയ സമിതിയുടെ മുഖ്യ ഉപദേശകരായിരുന്ന യോഗേന്ദ്ര യാദവ്, സുഹാസ് പാർഷികർ എന്നിവർ ഈ വർഷം ഇറങ്ങിയ പുസ്തകങ്ങളിൽനിന്നും തങ്ങളുടെ പേരുകൾ മാറ്റണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടത്.

ഡോ. സി.ഐ.ഐസക്ക് ചെയർമാനായ പുതിയ ഉപസമിതി തയ്യാറാക്കുന്ന നിർദേശങ്ങൾ 2020ലെ NEPയുടെ അടിസ്ഥാനത്തിൽ അടുത്തവർഷം ഇറക്കാൻപോകുന്ന പുതിയ സോഷ്യൽ സയൻസ് പാഠ

പുസ്തകങ്ങളെ സംബന്ധിച്ചുള്ളതാണ്. ഇതുപോലെ വ്യത്യസ്ത വിഷയങ്ങൾക്കായി മറ്റ് ഉപസമിതികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും സംഘപരിവാറിന് ഏറ്റവും താത്പര്യമുള്ള വിഷയം സോഷ്യൽ സയൻസാണെന്ന് പറയേണ്ടതില്ലല്ലോ.

ഡോ. സി.ഐ.ഐസക് കോട്ടയം സി.എം.എസ് കോളേജിൽ നിന്നും റിട്ടയർചെയ്ത ചരിത്രാധ്യാപകനാണ്. അദ്ദേഹത്തിന് 1975 മുതൽ എ.ബി.വി.പി.യുമായി ബന്ധമുണ്ട്. ഇപ്പോൾ ഭാരതീയ വിചാര കേന്ദ്രത്തിന്റെ സംസ്ഥാന വർക്കിങ്ങ് പ്രസിഡന്റാണ്. ജെ.എൻ.യു പ്രൊഫസറും എ.ബി.വി.പി. മുൻ അഖിലേന്ത്യാജനറൽസെക്രട്ടറിയുമായ പ്രൊഫ. വന്ദന മിശ്രയാണ് സമിതിയിലെ ഒരംഗം. ഹരിയാനയിലെ ഒരു ഗവ. സ്കൂളിലെ സോഷ്യോളജി അധ്യാപികയും എ.ബി.വി.പി. യുടെ മുൻ ദേശീയ ജോയിന്റ്സെക്രട്ടറിയുമായ മംമ്ത യാദവ് ആണ് മറ്റൊരംഗം. ഡക്കാൻ കോളേജ് ഡീംഡ് യൂണിവേഴ്സിറ്റിയുടെ മുൻ വി.സി.യായ വസന്ത് ഷിൻഡെയും ICHR ചെയർപേഴ്സണായ പ്രൊഫ. രഘുവേന്ദ്ര തൻവീറും ആണ് മറ്റംഗങ്ങൾ. ഇവർക്കുമുണ്ട് ശക്തമായ പരിവാർ ബന്ധങ്ങൾ.

മേൽ സൂചിപ്പിച്ച ചിലരുൾപ്പെടെ വിവിധ വിഷയങ്ങൾക്കായി രൂപീകരിച്ച സമിതികളിലുള്ള 24 പേർക്ക് മുമ്പുതന്നെ പരിവാർ പ്രസ്ഥാനങ്ങളുമായി ദീർഘകാലത്തെ ബന്ധമുണ്ടെന്ന് ഇന്ത്യാറ്റുഡേ അന്വേഷിച്ചു കണ്ടെത്തുകയുണ്ടായി.[1] മാറ്റണമെന്നും തിരുത്തണമെന്നും ഹിന്ദു വർഗീയതയുടെ വക്താക്കൾ പലപ്പോഴായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഭാഗങ്ങളാണ് ഇപ്പോൾ ഇല്ലാതാക്കിയിരിക്കുന്നത്. ഇതിനെ യാദൃച്ഛികമെന്നും കാലാനുസൃതമായ മാറ്റമെന്നും എങ്ങനെ വിലയിരുത്താനാകും? അതുകൊണ്ടാണ് ഇപ്പോൾ നടക്കുന്നത് ദീർഘവും കൃത്യവുമായ ആസൂത്രണത്തിലൂടെ തീരുമാനിച്ചുറപ്പിച്ച കാര്യങ്ങളാണെന്ന് പറയേണ്ടിവരുന്നത്.

*പാഠപുസ്തകങ്ങളിലെ പരിവാർ ഇടപെടൽ സംബന്ധിച്ച ആരോപണം ഇന്ന് തുടങ്ങിയതല്ലെന്നും. കിട്ടാവുന്ന അവസരങ്ങളിലൊക്കെ അവർ ഇതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നുമാണോ പറഞ്ഞുവരുന്നത്?*

ചരിത്രത്തെ തങ്ങൾക്ക് അനുകൂലമാക്കുകയെന്നത് മത-ദേശീയവാദികൾ പണ്ടുതൊട്ടേ ചെയ്തുകൊണ്ടിരിക്കുന്നതാണ്. വി.ഡി. സവർക്കറുടെ ആദ്യകാലരചനകൾതൊട്ട് ഇതാരംഭിക്കുന്നുണ്ട്. പിന്നീട് ഗോൾവാൾക്കറും ഇതുതന്നെയാണ് ചെയ്തത്. സ്വാതന്ത്ര്യം കിട്ടിയതോടെ

ഔദ്യോഗികരേഖകളിൽ എങ്ങനെ മാറ്റംവരുത്താം എന്നതായി അവരുടെ ചിന്ത.

1946 മുതൽ സ്വന്തമായി സ്കൂളുകൾ ആരംഭിച്ച ചരിത്രമുള്ള ആർ.എസ്.എസ്. അവിടെ ഔദ്യോഗിക കരിക്കുലത്തിനൊപ്പം സ്വന്തം ആശയങ്ങളും പഠിപ്പിക്കുന്ന രീതിയാണ് അനുവർത്തിക്കുന്നത്. സ്വന്തം സ്കൂളുകൾ പെരുകിയതോടെ ദേശീയതലത്തിൽ അതിനുള്ള നിയന്ത്രണസംവിധാനമെന്ന നിലയിൽ 1977ൽ 'വിദ്യാഭാരതി' എന്ന സംഘടനയ്ക്ക് അവർ രൂപംകൊടുത്തു. ഇതിന് കീഴിൽ ഇരുപതിനായിരത്തിലേറെ സ്ഥാപനങ്ങൾ ഇന്ന് പ്രവർത്തിച്ചുവരുന്നുണ്ട്. അതിൽ ഏതാനും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുമുണ്ട്. അവിടെ പരീക്ഷിച്ചുറപ്പിച്ച കാര്യങ്ങൾ ഔദ്യോഗിക സംവിധാനങ്ങളിലേക്ക് തിരുകിക്കയറ്റുക എന്നതാണ് ഹിന്ദുത്വവാദികളുടെ രീതി.

1977ൽ തന്നെയാണ് ഔദ്യോഗികപാഠപുസ്തകങ്ങളിലെ ഭാഗങ്ങൾ തെരഞ്ഞുപിടിച്ച് ഒഴിവാക്കാൻ ഇവർ ശ്രമിച്ചുതുടങ്ങിയത്. റൊമീല ഥാപ്പറും ബിപിൻ ചന്ദ്രയും ആർ.എസ്.ശർമയും സതീഷ് ചന്ദ്രയും അർജുൻദേവും മറ്റും എഴുതിയ അന്നത്തെ ചരിത്രപാഠപുസ്തകങ്ങൾക്കെതിരായിരുന്നു ആ നീക്കം. റൊമീല ഥാപ്പറുടെ Medieval India എന്ന പാഠപുസ്തകത്തിൽ ഉണ്ടായിരുന്ന മുഗൾഭരണം സംബന്ധിച്ച വിവരണവും ഇസ്ലാമിന്റെ റോൾ സംബന്ധിച്ച നിലപാടും അവരെ ഏറെ ചൊടിപ്പിച്ചു. ഇവ ഇന്ത്യാവിരുദ്ധവും ദേശവിരുദ്ധവുമാണെന്നായിരുന്നു പഴയ ജനസംഘം നേതാവായിരുന്ന നാനാജി ദേശ്മുഖ് ഉൾപ്പെടെയുള്ളവർ വാദിച്ചത്.

ഇക്കാര്യം പരിശോധിക്കാൻ സർക്കാർവച്ച വിദഗ്ധസമിതി ആരോപണങ്ങൾ മിക്കതും തള്ളി. ഇന്നത്തേതുപോലെ നേരിട്ടുള്ള ഭരണം ഇല്ലാത്തതിനാലും അന്നത്തെ എൻ.സി.ഇ.ആർ.ടി. അധികൃതർ ഉറച്ച നിലപാട് സ്വീകരിച്ചതുകൊണ്ടും ആ ശ്രമം എങ്ങുമെത്തിയില്ല. എങ്കിലും ആർ.എസ്.ശർമ എഴുതിയ 'പ്രാചീനചരിത്രം' സി.ബി.എസ്.ഇ.യെക്കൊണ്ട് പിൻവലിപ്പിക്കാൻ അന്നവർക്ക് സാധിച്ചു.

1991ൽ യു.പിയിലും 1995ൽ ഗുജറാത്തിലും ബി.ജി.പി അധികാരത്തിൽ വന്നതോടെ സംസ്ഥാന പാഠപുസ്തകങ്ങളിൽ എങ്ങനെ ഇടപെടാം എന്നതിലായി അവരുടെ ശ്രദ്ധ. തുടർന്നിങ്ങോട്ട് ദേശീയതലത്തിലും സംസ്ഥാനതലങ്ങളിലുമൊക്കെ അധികാരം കിട്ടിയ എല്ലാഘട്ടങ്ങളിലും വിദ്യാഭ്യാസത്തിൽ വർഗീയ അജണ്ട പ്രയോഗിക്കുക എന്നത് ഇവരുടെ പതിവ് പരിപാടിയായി മാറി.

1999ൽ അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിൽ ദേശീയ

തലത്തിൽ അധികാരത്തിൽ വന്ന ഘട്ടത്തിലാണ് ഹിന്ദുത്വ ആശയങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു ദേശീയപാഠ്യപദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള ശ്രമം ആദ്യമായി നടത്തിയത്. അതിന്റെ ഫലമായി 2001ൽ പാഠ്യപദ്ധതി രൂപരേഖ തയ്യാറാക്കാനും തുടർന്ന് പുതിയ പാഠപുസ്തകങ്ങൾ നിർമിക്കാനുമുള്ള ശ്രമങ്ങൾ നടന്നു.

എൻ.സി.ഇ.ആർ.ടി.യുടെ നിലവിലുണ്ടായിരുന്ന ചരിത്രപാഠപുസ്തകങ്ങളിലെ 41 പാഠഭാഗങ്ങൾ ഒഴിവാക്കാനുള്ള ശ്രമങ്ങളാണ് അന്നവർ തുടങ്ങിവച്ചത്.(2) ദിനനാഥ് ബത്രയെപ്പോലുള്ള ആർ.എസ്.എസ്. സൈദ്ധാന്തികർ ലിസ്റ്റ്ചെയ്ത പാഠഭാഗങ്ങളാണ് ഇവയെല്ലാം. 'ഇന്ത്യനൈസേഷ'ന് തടസ്സമായി അന്നവർ കണ്ടെത്തിയത് 'മാർക്സ്, മെക്കോളെ, മദ്രസ' എന്നിവയായിരുന്നു. പാഠഭാഗങ്ങൾ നീക്കുന്നതിനെതിരെ ശബ്ദമുയർത്തിയവരെയെല്ലാം അധിക്ഷേപിക്കുക, ഭയപ്പെടുത്തുക എന്നതൊക്കെയായിരുന്നു അന്നത്തെയും തന്ത്രം. ഇതിനെതിരെ ശബ്ദമുയർത്തിയ അമർത്യാസെൻ, കെ.ആർ.നാരായണൻ തുടങ്ങിയവരെ 'ആന്റി നാഷണൽ' എന്നും 'ആന്റി ഹിന്ദു യൂറോ നാഷണൽ' എന്നുമാണ് അന്നവർ വിശേഷിപ്പിച്ചത്. അന്നത്തെ മാനവവിഭവവികസനവകുപ്പ് മന്ത്രിയായിരുന്ന മുരളി മനോഹർ ജോഷി പറഞ്ഞത്, ഇത്തരക്കാരെല്ലാം 'ബൗദ്ധികഭീകര'രും 'രാജ്യാന്തരഭീകര'രെക്കാൾ അപകടകാരികളും ആണ് എന്നാണ്.

അന്നും പ്രാമാണികചരിത്രകാരന്മാരെ മാറ്റിനിർത്തി, ചില 'ഭാരതപുത്രന്മാരെ' പുതിയ ജോലി ഏൽപ്പിച്ചു. 2002 മുതൽ അങ്ങനെ തയ്യാറാക്കിയ പുതിയ പാഠപുസ്തകങ്ങൾ വന്നുതുടങ്ങി. എന്നാൽ 'കാവിവത്കരണ'ത്തിന്റെ ഭാഗമായി ജ്യോതിഷവും വേദഗണിതവും മറ്റും തിരുകിക്കയറ്റുന്നതിനെതിരെ മതേതര-ജനാധിപത്യശക്തികൾ ഉറച്ച നിലപാടെടുത്തു. അതിനാൽ ആ പരിശ്രമം പൂർണവിജയത്തിൽ എത്തിക്കാൻ അവർക്ക് സാധിച്ചില്ല. 2004ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.പി.എ. അധികാരത്തിൽവന്നതോടെ മുൻഗവണ്മെന്റ് തയ്യാറാക്കിയ കരിക്കുലവും പാഠപുസ്തകങ്ങളും ഉപേക്ഷിക്കുകയും പഴയ പാഠപുസ്തകങ്ങൾ തന്നെ തിരിച്ചുകൊണ്ടുവരികയും ചെയ്തു. തുടർന്ന് 2005ൽ യു.പി.എയുടെ നേതൃത്വത്തിൽ പുതിയ കരിക്കുലം രൂപരേഖ തയ്യാറാക്കുകയും (NCF 2005) അതനുസരിച്ചുള്ള പാഠപുസ്തകങ്ങളുടെ രചനയിലേക്ക് കടക്കുകയും ചെയ്തു. അങ്ങനെയുണ്ടായ പാഠപുസ്തകങ്ങളാണ് ഒരവസരം കിട്ടിയപ്പോൾ ഇപ്പോൾ തിരുത്തിയിരിക്കുന്നത്.

ചുരുക്കത്തിൽ 1977 മുതൽ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലു

കളും അവയിലുണ്ടായ ഭാഗികവിജയങ്ങളും പൂർണതയിലെത്തിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് സംഘപരിവാർ ശക്തികൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. എൻ.സി.ഇ.ആർ.ടിയിലും യു.ജി.സി.യിലും ചരിത്രഗവേഷണകൗൺസിലിലുമൊക്കെ പ്രത്യേകം റിക്രൂട്ട് ചെയ്തവരെ വച്ചുകൊണ്ട് കാര്യങ്ങൾ നടത്തുന്ന ശൈലി തന്നെയാണ് ഇവർ ഇപ്പോഴും പിന്തുടരുന്നതെന്നു കാണാം.

*ഗുജറാത്ത് ആണല്ലോ സംഘപരിവാറിന്റെ പല പദ്ധതികളും ആദ്യം പരീക്ഷിച്ചുനോക്കിയ സംസ്ഥാനം. വിദ്യാഭ്യാസത്തെ കാവിവത്കരിക്കുന്നതിൽ ഗുജറാത്തിൽ നടന്ന ഏതെങ്കിലും സവിശേഷപരീക്ഷണം ചൂണ്ടിക്കാട്ടാമോ?*

വിദ്യാഭ്യാസത്തെ വർഗീകരിക്കുന്ന കാര്യത്തിൽ എന്നും മുന്നേ സഞ്ചരിച്ച ചരിത്രമാണ് ഗുജറാത്തിനുള്ളത്. 6 മുതൽ 9 വരെ ക്ലാസുകളിൽ എല്ലാ കുട്ടികളും ഭഗവത്ഗീത പഠിക്കണം എന്ന തീരുമാനം ഗുജറാത്ത് കൈക്കൊണ്ടതും മറ്റു പല സംസ്ഥാനങ്ങളും അത് ഏറ്റെടുത്തതും ഈയടുത്ത കാലത്തായിരുന്നു.

നരേന്ദ്രമോദി 2001 മുതൽ 2014 വരെ ഗുജറാത്ത് മുഖ്യമന്ത്രി ആയിരുന്നല്ലോ. വിദ്യാഭ്യാസമേഖലയിൽ ശക്തമായി ഇടപെടാനുള്ള ശ്രമം അന്നുതൊട്ടേ ഗുജറാത്തിൽ നടക്കുന്നുണ്ട്. ഇതിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട ഒന്നാണ് 2014ൽ, പ്രത്യേകം തയ്യാറാക്കിയ ഒമ്പത് പുസ്തകങ്ങളുടെ ഒരു സെറ്റ്, സംസ്ഥാനബോർഡിന് കീഴിലുള്ള 35,000 ത്തോളം പ്രൈമറി / സെക്കണ്ടറി സ്കൂളുകളിൽ കുട്ടികൾക്ക് അധിക പഠനത്തിനുള്ള നിർബന്ധിത പുസ്തകമായി സൗജന്യമായി വിതരണംചെയ്തത്.

'വിദ്യാഭാരതി'യുടെ മുൻ ജനറൽസെക്രട്ടറിയും ശിക്ഷാ ബച്ചാവോ ആന്ദോളൻ സമിതിയുടെ സ്ഥാപകനുമായ ദിനനാഥ് ബത്ര എഴുതിയ ആറ് പുസ്തകങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അതിൽ രണ്ടെണ്ണത്തിന് ആമുഖമെഴുതിയത് നരേന്ദ്രമോദിയായിരുന്നു. മത-ദേശീയവാദികളുടെ കാഴ്ചപ്പാടനുസരിച്ച് തയ്യാറാക്കപ്പെട്ട പുസ്തകങ്ങളാണിവ.

ഈ സെറ്റിൽ പെട്ട 'തേജോമയി ഭാരത്' എന്ന പുസ്തകത്തിൽ ധൃതരാഷ്ട്രർക്ക് സഞ്ജയൻ കുരുക്ഷേത്രയുദ്ധത്തിന്റെ വിവരങ്ങൾ 'ദിവ്യദൃഷ്ടി'വഴി പറഞ്ഞുകൊടുക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇത് ടെലിവിഷൻ സാങ്കേതികവിദ്യ ഇന്ത്യക്കാർക്ക് അറിയാമായിരുന്നു എന്നതിന്റെ തെളിവാണത്രേ!

*'1926ൽ സ്കോട്ട്ലൻഡിൽനിന്നുള്ള ജോൺ ലോഗി ബെയർഡ് എന്ന*

*പുരോഹിതനാണ് ടെലിവിഷൻ കണ്ടുപിടിച്ചതെന്ന് നമുക്കറിയാം. എന്നാൽ, നിങ്ങളെ അതിലും പഴയ ദൂരദർശനിലേക്ക് കൊണ്ടുപോകാൻ ഞങ്ങളാഗ്രഹിക്കുന്നു....ഇന്ത്യൻ ഋഷിമാർക്ക് അവരുടെ യോഗവിദ്യ ഉപയോഗിച്ച് ദിവ്യദൃഷ്ടി നേടുവാൻ കഴിയുമായിരുന്നു. ടെലിവിഷന്റെ കണ്ടുപിടുത്തം ഇതിലേക്ക് തിരിച്ചുപോകുമെന്നതിൽ സംശയമില്ല. മഹാഭാരതത്തിൽ, സഞ്ജയൻ ഹസ്തിനപുരിയിലെ കൊട്ടാരത്തിനുള്ളിൽ ഇരുന്ന് തന്റെ 'ദിവ്യശക്തി' ഉപയോഗിച്ച് മഹാഭാരതയുദ്ധത്തിന്റെ തത്സമയസംപ്രേഷണം അന്ധനായ ധൃതരാഷ്ട്രർക്ക് നൽകുമായിരുന്നു.'*(3)

അതുപോലെ മഹാഭാരതത്തിൽ 'അനശ്വരഥം' എന്ന ഒരിനം രഥത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ടെന്നും ഇത് മോട്ടോർകാറിനെക്കുറിച്ച് പുരാതനഭാരതീയർക്ക് അറിയാമെന്നതിന്റെ ഒന്നാംതരം തെളിവാണെന്നും വാദിക്കുന്നു.

*'മോട്ടോർകാർ എന്ന് നാം ഇന്ന് അറിയപ്പെടുന്നതെന്തോ അത് വേദകാലത്ത് നിലവിലുണ്ടായിരുന്നു. അതിനെ അനശ്വരഥം എന്നാണ് വിളിച്ചിരുന്നത്. സാധാരണയായി ഒരു രഥം വലിക്കുന്നത് കുതിരയാണ്. എന്നാൽ അനശ്വരഥം എന്നതുകൊണ്ട് അർഥമാക്കുന്നത്, കുതിരകൾ വലിക്കാത്ത ഒന്നിനെ അഥവാ, യന്ത്രരഥത്തെയാണ്. അതായത്, ഇന്നത്തെ മോട്ടോർകാർ. ഋഗ്വേദത്തിൽ ഇതിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.'*

ഇതേ പുസ്തകത്തിൽ രാജ്യത്തിന് ഇന്ത്യ എന്ന് പേര് നൽകിയതിലെ അനൗചിത്യവും ചൂണ്ടിക്കാണിച്ചിരിക്കുന്നു. (ഹിന്ദുത്വശക്തികളുടെ 'ഇന്ത്യാ'വിരോധം പുതിയ ഒരു വിഷയമല്ലെന്നർഥം.)

*'നമ്മുടെ പ്രിയപ്പെട്ട ഭാരതഭൂമിയെ 'ഇന്ത്യ' എന്ന ശൂദ്രനാമത്തിൽ വിളിച്ച് നാം സ്വയം താഴരുത്. ഈ രാജ്യത്തിന്റെ പേര് മാറ്റാൻ ബ്രിട്ടീഷുകാർക്ക് എന്ത് അവകാശമാണ് ഉണ്ടായിരുന്നത്? ഈ ഗൂഢാലോചനയിൽ വീണ് നമ്മുടെ രാജ്യത്തിന്റെ ആത്മാവിനെ നാം മറക്കരുത്.'*

ഇന്നും വിദ്യാഭ്യാസമേഖലയിലെ പരിവാർ ആശയങ്ങൾ രൂപപ്പെടുത്തുന്നതിൽ ബത്രയെപ്പോലുള്ള ഹിന്ദുത്വവാദികൾ മുഖ്യപങ്ക് വഹിക്കുന്നു. പുതിയ ദേശീയവിദ്യാഭ്യാസനയത്തിന്റെ രൂപീകരണഘട്ടത്തിൽ ബത്ര നിർദേശിച്ച പല കാര്യങ്ങളും അതുപോലെത്തന്നെ അതിൽ ഇടംപിടിച്ചതിൽനിന്നും ഇത് വ്യക്തമാണ്. ഇദ്ദേഹത്തെപ്പോലുള്ളവർ നേരത്തെ തയ്യാറാക്കിയതോ അല്ലെങ്കിൽ സമാന്തരമായി തയ്യാറാക്കി നൽകുന്നതോ ആയ കാര്യങ്ങളാണ് പലപ്പോഴും വിദഗ്ധസമിതികളുടെ തീരുമാനമായി വരുന്നതെന്ന വിമർശനം അസ്ഥാന

ത്തല്ല.

*2017ൽ രാജസ്ഥാനിൽ നടന്ന പാഠപുസ്തകപരിഷ്കരണം ഇതിനെ കടത്തിവെട്ടുന്നതായിരുന്നില്ലേ?*

തീർച്ചയായും. മുഖ്യമന്ത്രി വസുന്ധരരാജ 2017ൽ രാജസ്ഥാനിലെ സ്കൂൾ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾ വിവാദമുണ്ടാക്കി. കേന്ദ്രത്തിൽ 2014ൽ അധികാരത്തിൽ വന്ന ബി.ജെ.പി സർക്കാരും മൂന്നുവർഷം പിന്നിട്ടതേ ഉണ്ടായിരുന്നുള്ളൂ. ആ സർക്കാർ ചെയ്ത കാര്യങ്ങളെ പ്രകീർത്തിക്കാനാണ് പുതിയ പാഠപുസ്തകത്തെ മുഖ്യ മായും ഉപയോഗിച്ചത്. സ്വാതന്ത്ര്യസമരത്തെക്കുറിച്ചു പരാമർശിക്കു മ്പോൾ ഗാന്ധിവധം ബോധപൂർവം ഒഴിവാക്കാനും സവർക്കർക്ക് വലിയ പ്രാധാന്യം നൽകാനും നെഹ്റുവിന്റെ പങ്ക് കഴിവതും തമസ്കരിക്കാനും അന്നതിന് നേതൃത്വംനൽകിയവർക്ക് യാതൊരു മടിയുമുണ്ടായിരുന്നില്ല. പുസ്തകത്തിലെ ഉള്ളടക്കവിശേഷ ങ്ങളിൽ ചിലത് നോക്കൂ:[4]

- രണ്ട് ജീവപര്യന്തത്തിന് ശിക്ഷിക്കപ്പെട്ട ധീരനായ വിപ്ലവകാരിയാ ണ് സവർക്കറെന്നും അദ്ദേഹം ഇന്ത്യാവിഭജനത്തിന് എതിരായ നിലപാടെടുത്തുവെന്നും അതിൽ പറഞ്ഞു. (ക്ലാസ് 10 ചരിത്രം)
- നോട്ട് നിരോധിക്കാനുള്ള മോദിയുടെ തീരുമാനം ചരിത്രപരമായ പ്രാധാന്യമുള്ള ഒന്നാണെന്ന് പുകഴ്ത്തി (ക്ലാസ് 12 പൊളിറ്റിക്കൽ സയൻസ്).
- മാംസഭക്ഷണം ശരീരത്തിന് അപകടമാണെന്നും ഭക്ഷണം കഴിക്കു ന്നതിനു മുമ്പ് ചൊല്ലേണ്ടുന്ന മന്ത്രമേതെന്നും വ്യക്തമാക്കി. (ക്ലാസ് 10 ഫിസിക്കൽ & ഹെൽത്ത് എഡ്യൂക്കേഷൻ)
- 'താമര'യുടെ വിജയം ഇന്ത്യൻസംസ്കാരത്തിന്റെ വിജയമാണെന്ന് ഒരു കവിതയിലൂടെ ധ്വനിപ്പിക്കാനും ശ്രമിച്ചു. (ക്ലാസ് 10 ഇംഗ്ലീഷ്)

ഇന്നത്തെ പ്രധാനമന്ത്രിയുടെ വിദേശയാത്രകളും പത്താൻകോട്ടി ലെയും ഉറിയിലെയും സർജിക്കൽ സ്ട്രൈക്കുകളുടെ നേട്ടങ്ങളുംവരെ ഈ പാഠപുസ്തകങ്ങളിൽ ഹൈലൈറ്റ് ചെയ്യപ്പെട്ടു. 'സ്വദേശി'യെക്കു റിച്ചു പറയുന്നിടത്ത് 'പതഞ്ജലി'യെ എടുത്തുകാട്ടാൻ ഒട്ടും മറന്നില്ല. എന്നുവച്ചാൽ തങ്ങളുടെ രാഷ്ട്രീയതാത്പര്യങ്ങൾ ഒട്ടും മറയില്ലാതെ പാഠപുസ്തകങ്ങളിലേക്ക് എങ്ങനെ കടത്തിവിടാം എന്നതിന്റെ പരീ ക്ഷണമായിരുന്നു അത്.

അന്നത്തെ പാഠപുസ്തകങ്ങളിൽ കുട്ടികൾക്കായി നൽകിയ ചോദ്യ ങ്ങളുടെ ചില സാമ്പിളുകൾ നോക്കൂ:

- 'സബ്കാ സാത്ത് സബ്കാ വികാസ്' എന്ന മുദ്രാവാക്യം ആരുടെ താണ്?
- പാക്കിസ്ഥാനുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വീകരിച്ച നടപടികൾ എന്തൊക്കെ?
- നോട്ടുനിരോധനത്തിന് പിറകിലുള്ള കാരണങ്ങൾ ഏവ?
- മോദി സർക്കാരിന്റെ നാല് വികസനപരിപാടികളുടെ പേരെഴു താമോ?
- സ്വാതന്ത്ര്യസമരത്തിൽ വിനായക് ദാമോദർ സവർക്കറുടെ സംഭാവ നകളെന്ത്?

ബി.ജെ.പിക്ക് കേന്ദ്രത്തിലും സംസ്ഥാനത്തിലും അധികാരം ലഭിക്കു കയും സ്വന്തംനിലയിൽ പാഠപുസ്തകങ്ങൾ നിർമിക്കുകയും ചെയ്താൽ എന്താണ് സംഭവിക്കുക എന്നതിന്റെ ക്ലാസിക്ക് ഉദാഹരണ മാണ് നാം മുകളിൽ കണ്ടത്. ഈ രീതിയിലാണ് വരുംവർഷം NCERT യുടെ ദേശീയ പാഠപുസ്തകങ്ങൾ ഇറങ്ങുന്നതെങ്കിൽ അത് എത്രകണ്ട് അപകടകരമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

*പുതിയ വിദ്യാഭ്യാസനയം ഇന്ത്യൻ വിദ്യാഭ്യാസത്തെ ലോകത്തിൽ വച്ച് ഏറ്റവും മികച്ചതാക്കുമെന്നും ഇന്ത്യയെ വമ്പിച്ച സാമ്പത്തിക ശക്തിയാക്കുമെന്നും പറയുന്നുണ്ടല്ലോ. അതിൽ നാം അഭിമാനിക്കുക യല്ലേ വേണ്ടത്?*

ഇന്ത്യൻ വിദ്യാഭ്യാസം ലോകോത്തരമാകണമെന്നും അത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികനില അങ്ങേയറ്റം മെച്ചപ്പെടാൻ സഹായിക്ക ണമെന്നും തന്നെയാണ് നാമെല്ലാം ആഗ്രഹിക്കുന്നത്. എന്നാൽ തയ്യാ റാക്കപ്പെട്ട നയവും അതിന്റെ ഇതുവരെയുള്ള നടത്തിപ്പും ആ വഴിക്കല്ല എന്നതാണ് ഏവരെയും ആശങ്കപ്പെടുത്തുന്നത്.

2014ൽ ആണ് പുതിയ ദേശീയ വിദ്യാഭ്യാസനയം തയ്യാറാക്കാനുള്ള തീരുമാനമെടുത്തത്. 2019ൽ അതിന്റെ കരടും 2020ൽ അതിന്റെ അന്തിമ രൂപവും പുറത്തിറങ്ങി. തുടർന്ന് പ്രീപ്രൈമറി, സ്കൂൾവിദ്യാഭ്യാസം, അധ്യാപകവിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം എന്നിവയ്ക്കുള്ള പ്രത്യേ കം കരിക്കുലം രൂപരേഖകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിൽ ആദ്യത്തെ രണ്ടെണ്ണവും നിരവധി അനുബന്ധ രേഖകളും പൂർണമായി പുറത്തുവന്നു കഴിഞ്ഞു.

പുതിയ വിദ്യാഭ്യാസനയത്തിൽ പലതും പൊതുവായി പറഞ്ഞുപോ കുന്നതേയുള്ളൂ. സ്വീകാര്യമെന്ന് പൊതുവെ തോന്നിപ്പിക്കുന്ന രീതിയി ലുള്ളതാണ് പലതും അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ചില

പ്രത്യേകഭാഗങ്ങൾ ശ്രദ്ധിച്ചുനോക്കിയാൽ സ്വീകാര്യതയുടെ ചായത്തിനുള്ളിലെ ഒളിയജണ്ടകൾ തെളിഞ്ഞുകാണാം. പാഠ്യപദ്ധതി രൂപരേഖയിൽ ഇത് കുറേക്കൂടി വ്യക്തമാണ്. പാഠപുസ്തകം, അധ്യാപകർക്കുള്ള പരിശീലനം, തുടർനടപടികൾ എന്നിവ വരുമ്പോഴാവും മതദേശീയതയുടെ ക്രൗര്യവും കൗശലങ്ങളും പൂർണമായും വെളിപ്പെടുക.

പ്രീപ്രൈമറി കരിക്കുലത്തിൽ, കുഞ്ഞുങ്ങളുടെ വികാസം സംബന്ധിച്ച ഇന്ത്യൻ കാഴ്ചപ്പാട് എന്ന നിലയിൽ 'പഞ്ചകോശവികാസ'ത്തെക്കുറിച്ച് പറയുന്നു. ഇതനുസരിച്ച് അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം എന്നിങ്ങനെ അഞ്ച് തലങ്ങളിലാണ് കുഞ്ഞിന്റെ വികാസം. അന്നമയകോശം ശാരീരികതലവും മനോമയകോശം മാനസികതലവും വിജ്ഞാനമയകോശം വൈജ്ഞാനികതലവും ആണെന്നു പറയാം. എന്നാൽ പ്രാണമയകോശവും ആനന്ദമയകോശവും ആധുനികശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലൂടെ എങ്ങനെ വിശദീകരിക്കും എന്ന പ്രശ്നമുണ്ട്. അത്തരമൊരു വിശദീകരണത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഇന്നത്തെ കാലത്ത് ഈ സിദ്ധാന്തം പ്രസക്തമാവൂ എന്ന വസ്തുത ഇത് ഉൾപ്പെടുത്തിയവരെ ഒട്ടുംതന്നെ അലോസരപ്പെടുത്തുന്നില്ല.

സ്മൃതിയെയും (ഓർമ), ബി.സി.ആറാംനൂറ്റാണ്ടിൽ എഴുതപ്പെട്ട ആയുർവേദഗ്രന്ഥത്തിലെ 'കൗമാരഭൃത്യ'യുടെയും ഔഷധസസ്യമായ 'വച'യുടെയും മേന്മകളെയും ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. 'അന്നപ്രശ്ന' (ആറാംമാസത്തിൽ കുഞ്ഞിന് ഭക്ഷണം നൽകൽ), വിദ്യാരംഭം (എഴുത്തിനിരുത്തൽ) എന്നിങ്ങനെ മറ്റു പലതിനെയും കരിക്കുലം രേഖയുടെ ഭാഗമാക്കിയിരിക്കുന്നു. ഒരു കുഞ്ഞ് 'പുരുഷാർഥ' പ്രാപ്തി കൈവരിക്കുന്നതിൽ ഇത്തരം ചടങ്ങുകൾക്കുള്ള പ്രാധാന്യത്തെക്കുറിച്ചാണ് അടുത്ത പരാമർശം. ഒരു കരിക്കുലം രേഖയിൽ ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കുന്നതിന്റെ യുക്തി അത് എഴുതിയവർക്കു മാത്രമേ അറിയൂ.

സ്കൂൾ വിദ്യാഭ്യാസത്തിനുള്ള കരിക്കുലത്തിൽ മൂല്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുന്നിടത്ത് നമ്മുടെ ഭരണഘടനാമൂല്യങ്ങളെക്കാൾ പ്രാധാന്യം നൽകുന്നത് മതാത്മകമൂല്യങ്ങൾക്കാണ്. സേവ, അഹിംസ, സ്വച്ഛത, സത്യ, നിഷ്കാമകർമ എന്നിങ്ങനെ അവ പറഞ്ഞു പോകുന്നു. ഭാഷയെക്കുറിച്ച് പറയുന്നിടത്ത് സംസ്കൃതത്തിന്റെ പ്രത്യേക പ്രാധാന്യം എടുത്തുപറഞ്ഞിരിക്കുന്നു. ധാർമികവികാസത്തെക്കുറിച്ച് വിസ്തരിക്കുന്നിടത്ത് പഞ്ചകോശസിദ്ധാന്തവും അറിവിനെക്കുറിച്ച് പറയുന്നിടത്ത് ഓർമയും വീണ്ടും ഇടംപിടിക്കുന്നു. പഠന ത്തെക്കുറി

ച്ചുള്ള ഭാഗത്ത് അഭ്യാസത്തിന്റെ ആവശ്യകത വിശദീകരിക്കുന്നു. പണ്ടു കാലത്ത് അർഥമറിയാതെ പല ശ്ലോകങ്ങളും ഉരുവിട്ടുപഠിപ്പിച്ചിരുന്നത് രേഖാകാരന്മാരെ ആവേശംകൊള്ളിക്കുന്നുണ്ടെന്ന് വ്യക്തം. ഒരിടത്ത് അറിവ്നിർമാണവും മറ്റൊരിടത്ത് ജപപഠനവും പറയുന്നതിലെ വൈരുധ്യം ഇന്നത്തെ എൻ.സി.ഇ.ആർ.ടിയെ അലോസരപ്പെടുത്തുന്ന തേയില്ല!

നമ്മുടെ മുൻതലമുറകൾ ആർജിച്ച അറിവുകളെയോ രീതികളെയോ ഉൾക്കൊള്ളുന്നതോ വിശദീകരിക്കുന്നതോ അല്ല പ്രശ്നം; അവ ഇന്നത്തെ സാഹചര്യത്തിൽ എത്രമാത്രം പ്രധാനമാണ്, പ്രസക്തമാണ് എന്നത് വേണ്ടത്ര പരിഗണിച്ചില്ല എന്നതാണ്.

ഉന്നതവിദ്യാഭ്യാസരംഗത്താവട്ടെ ഇന്ത്യയിലെ കോളേജ് / സർവക ലാശാല തലങ്ങളിലുള്ള വിവിധ കോഴ്സുകളിൽ ഉൾപ്പെടുത്തുന്നതി നായി ഓരോ വിഷയവുമായി ബന്ധപ്പെട്ട 'ഭാരതീയമായ അറിവ് സമ്പ്ര ദായം' (Indian Knowledge System) പട്ടികപ്പെടുത്തിയിട്ടുണ്ട്. അവ കേന്ദ്ര, സംസ്ഥാന സിലബസുകളിൽ ഉൾപ്പെടുത്തുന്നതിന്റെ മുന്നോടി യായി എല്ലാ അധ്യാപകർക്കും പരിശീലനം നൽകുമത്രേ. കെമിസ്ട്രി ആയുർവേദത്തിലൂടെ എങ്ങനെ പഠിപ്പിക്കാമെന്നും വേദങ്ങളിലെ ഗണിതശാസ്ത്രം എന്തായിരുന്നെന്നും മറ്റും പഠിക്കാനും പഠിപ്പിക്കാ നും ഇതോടെ അധ്യാപകർ നിർബന്ധിതരാകും. മഹാഭാരതം, അർഥ ശാസ്ത്രം തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ കണ്ടെടുക്കാവുന്ന ഇന്ത്യൻ സാമ്പത്തികശാസ്ത്രത്തിന്റെ ചരിത്രമാണ് മറ്റൊരു മേഖല. അധ്യാപക പരിശീലനത്തിനായി മാളവ്യ മിഷന് യു.ജി.സി. രൂപംനൽകിയിട്ടുണ്ട്. അധ്യാപകരുടെ പഠന-പരിശീലനശാലകൾ ഭാവിയിൽ ഗുരുകുലങ്ങളും ആയുർവേദചികിത്സാകേന്ദ്രങ്ങളും മറ്റുമായി മാറിയാൽ അതിശയിക്കേ ണ്ടതില്ല.

ഉന്നതവിദ്യാഭ്യാസമേഖലയിൽ വർഗീയത പ്രത്യക്ഷമായിത്തന്നെ ഇടപെടൽ നടത്തുകയാണ്. ഉദാഹരണമായി,

- 2023 ഫെബ്രുവരി 17ന് ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി 'അപ്ലി ക്കബിലിറ്റി ഓഫ് മനുസ്മൃതി ഇൻ ഇന്ത്യൻ സൊസൈറ്റി' സ്കീമി ലേക്ക് പ്രോജക്ട് ഫെലോയെ ക്ഷണിച്ചുകൊണ്ട് പത്രപ്പരസ്യം നൽകിയിരിക്കുന്നു.
- വിവിധ യൂണിവേഴ്സിറ്റികൾ സരസ്വതിനദിയുടെ ഗതി കണ്ടെ ത്താനും മനുസ്മൃതിയുടെ സമകാലികപ്രസക്തി തിരിച്ചറിയാനും ഗവേഷണങ്ങൾ ഏറ്റെടുക്കുന്നു.
- പശുവിനെ സംബന്ധിച്ച ഗവേഷണങ്ങൾക്ക് വിവിധ സ്ഥാപനങ്ങൾ

പണം നീക്കിവെക്കുന്നു.

- ആയുർവേദ മെഡിസിൻ ബിരുദകോഴ്സിൽ ജ്യോതിഷം ഒരു ഓപ്ഷണൽ വിഷയമാക്കാൻ നാഷണൽ കൗൺസിൽ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ തീരുമാനിച്ചിരിക്കുന്നു. ഇതുവഴി മെഡിക്കൽ ആസ്ട്രോളജിയെ ആരോഗ്യവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ കൊണ്ടുപിടിച്ച ശ്രമം നടക്കുന്നു.

ചുരുക്കത്തിൽ പ്രീപ്രൈമറി മുതൽ ഉന്നതവിദ്യാഭ്യാസംവരെയുള്ള എല്ലാ തലങ്ങളിലും ഹിന്ദുത്വആശയങ്ങൾ ഘട്ടം ഘട്ടമായി അടിച്ചേൽപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് പുതിയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി ഇപ്പോൾതന്നെ നടന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തെ ലോകത്തിനുമുമ്പാകെ അപഹാസ്യമാക്കുന്ന നടപടികളാണ് തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയ ശ്രമങ്ങളോ തീർത്തും രഹസ്യമായ അജണ്ടയോ അല്ല എന്നതാണ് നാം തിരിച്ചറിയേണ്ട കാര്യം. 1977ൽ വിദ്യാഭാരതി രൂപീകരിച്ചതു മുതൽ ആർ.എസ്.എസ്. വിദ്യാലയങ്ങളിൽ അംഗീകൃത സിലബസിനും പാഠപുസ്തകങ്ങൾക്കും ഉപരിയായി വേദഗണിതം, കായികവിദ്യാഭ്യാസം, മൂല്യവിദ്യാഭ്യാസം എന്നിവയൊക്കെ പ്രത്യേകം തയ്യാറാക്കി പഠിപ്പിക്കുന്നുണ്ട്. ചെറുപ്പത്തിൽ തന്നെ അന്യമതവിദ്വേഷം കുത്തിവെക്കുന്ന രീതിയിലാണ് കാര്യങ്ങളുടെ പോക്ക്. ഇത് ഔപചാരികവിദ്യാഭ്യാസത്തിലും കടന്നുകൂടുന്നു എന്നതാണ് പ്രശ്നം. അടുത്ത തെരഞ്ഞെടുപ്പിലും ഹിന്ദുത്വശക്തികൾക്ക് മേൽക്കൈ ലഭിക്കുകയാണെങ്കിൽ വരുംവർഷങ്ങളിൽ അതിന്റെ കുറേക്കൂടി തീവ്രമായ രൂപങ്ങളാവും കാണേണ്ടിവരിക.

*ഇതുതന്നെയല്ലേ ഉന്നതസ്ഥാനത്തിരിക്കുന്ന പല ഭരണാധികാരികളും നേതാക്കന്മാരും പലപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്?*

ഇന്ന് പാഠ്യപദ്ധതിയിലോ പാഠപുസ്തകങ്ങളിലോ വന്നുകൊണ്ടിരിക്കുന്ന പലതും മത-ദേശീയതയുടെ ഭാഗമായി നേരത്തെ എഴുതപ്പെട്ടവയോ പറഞ്ഞവയോ ആണ് എന്നതിൽ സംശയമൊന്നുമില്ല. പരിണാമവാദം ഇന്നാണ് പാഠപുസ്തകത്തിൽനിന്നും നീക്കപ്പെട്ടത്. എന്നാൽ 2018ൽ അന്നത്തെ കേന്ദ്രവിദ്യാഭ്യാസസഹമന്ത്രിയായ സത്യപാൽ സിങ്ങ് പരിണാമവാദത്തെ തള്ളിപ്പറഞ്ഞുകൊണ്ട് സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നമ്മളോ നമ്മുടെ പൂർവികരോ കുരങ്ങ് മനുഷ്യരാവുന്നത് കണ്ടിട്ടില്ല. അതിനാൽ ഡാർവിന്റെ സിദ്ധാന്തം അശാസ്ത്രീയമാണെന്നും അത് സ്കൂൾ - കോളേജ് തല

ങ്ങളിൽ പഠിപ്പിക്കേണ്ടതില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇന്ന് ചരിത്രം തിരുത്തണമെന്നും ചരിത്രം തിരുത്തുന്നത് തെറ്റല്ലെന്നും പരിവാർ നേതാക്കന്മാർ പറയുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നു. 1923ൽ വി.ഡി.സവർക്കർ എഴുതിയ Essentials of Hindutva എന്ന പുസ്തകത്തിലും 1939ൽ ഗുരുജി ഗോൾവാക്കർ എഴുതിയ പുസ്തകമായ We, or Our Nationhood Definedലും അവതരിപ്പിച്ച അടിസ്ഥാനാശയങ്ങൾ തന്നെയാണ് ദിനനാഥ് ബത്രയിലൂടെയും മറ്റും കടന്ന് ഇന്നത്തെ ചരിത്രപാഠപുസ്തകങ്ങളിൽ എത്തിച്ചേർന്നുകൊണ്ടിരിക്കുന്നത്.

2015ൽ മുംബൈയിൽ നടന്ന ശാസ്ത്രകോൺഗ്രസ് ഉദ്ഘാടനം ചെയ്തുകൊണ്ട്, പ്ലാസ്റ്റിക്ക് സർജറിയും കോശഗവേഷണവും മറ്റും പ്രാചീനഭാരതത്തിൽ ഉണ്ടായിരുന്നുവെന്ന് പറഞ്ഞത് ഇന്നത്തെ പ്രധാനമന്ത്രി തന്നെയായിരുന്നു.

ശാസ്ത്രീയമായ യാതൊരു അടിത്തറയുമില്ലാത്ത ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഒരു പാഠ്യപദ്ധതി ഇന്ത്യയെ ലോകത്തെ മൂന്നാമത്തെ സാമ്പത്തികശക്തിയായി മാറാൻ എത്രകണ്ട് സഹായിക്കുമെന്ന് ബന്ധപ്പെട്ടവർ വിശദീകരിക്കേണ്ടതുണ്ട്. മതാടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഭരണകൂടങ്ങൾ പലതും അന്തമില്ലാത്ത സംഘർഷങ്ങളിലും ശൈഥില്യങ്ങളിലും ചെന്നുപെടുന്നതിന്റെ ഉദാഹരണങ്ങൾ ചുറ്റും ഏറിക്കൊണ്ടിരിക്കെ, ബഹുസ്വര സമൂഹമായ ഇന്ത്യയെ ഒരു മതാധിഷ്ഠിത രാജ്യമാക്കാൻ ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം നമ്മെ എവിടെയാണ് എത്തിക്കുകയെന്ന് തീർച്ചയായും ഭയപ്പെടേണ്ടതുണ്ട്.

*വർഗീയമായ കാഴ്ചപ്പാടോടെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം നിശ്ചയിക്കുന്നു എന്നതു മാത്രമാണോ പുതിയ വിദ്യാഭ്യാസനയത്തിന്റെ അപകടം?*

അല്ല. അതോടൊപ്പംതന്നെ പരിഗണിക്കേണ്ട ഗൗരവതരമായ മറ്റു വിഷയങ്ങളും ഇതുമായി ബന്ധപ്പെട്ട് ഉണ്ട്. അതിലൊന്നാണ് വിദ്യാഭ്യാസത്തിൽ നിന്ന് പൊതുമേഖലയെ ക്രമത്തിൽ ഒഴിവാക്കാനും സ്വകാര്യമേഖലയുടെ സ്വാധീനം പടിപടിയായി വർധിപ്പിക്കാനുമുള്ള നിർദേശങ്ങളും അനൗപചാരികരീതികൾക്ക് കൊടുക്കുന്ന പ്രാധാന്യവും.

വിദ്യാഭ്യാസത്തിലെ വർധമാനമായ തോതിലുള്ള ബദൽസംവിധാനങ്ങൾ നിസ്സാരമായി കാണാനാവില്ല. സ്കൂൾവിദ്യാഭ്യാസം സൗജന്യവും ഗുണനിലവാരമുള്ളതും സാർവത്രികവുമാക്കുമെന്ന്

പറയുമ്പോൾതന്നെ, ഗുണനിലവാരത്തിൽ സന്ധിചെയ്യുന്ന തരത്തിൽ, പരിശീലനംകിട്ടിയ വളണ്ടിയർമാരെയോ സന്നദ്ധപ്രവർത്തകരെയോ ഓൺലൈൻ സംവിധാനങ്ങളെയോ ഉപയോഗിച്ച് അത് ഉറപ്പാക്കും എന്നാണ് പറഞ്ഞുവെക്കുന്നത്. ജീവകാരുണ്യ സംഘടനകളെ സ്കൂൾ വിദ്യാഭ്യാസത്തിൽ പങ്കാളിയാക്കുന്നതും ഒരുതരത്തിലുള്ള ഒഴിഞ്ഞു മാറലാണ്. സ്കൂൾ അധ്യാപകരുടെ കാര്യം വരുമ്പോൾ കേരളത്തിൽ ഒരു ക്ലാസിന് ഒരധ്യാപകൻ എന്നത് ഉറപ്പുവരുത്തുമ്പോൾ സ്കൂൾ അഥവാ ക്ലസ്റ്റർ അടിസ്ഥാനത്തിലാകും നിയമനമെന്നേ പുതിയ നയം പറയുന്നുള്ളൂ. സ്വാഭാവികമായും വലിയതോതിലുള്ള അധ്യാപകക്ഷാ മമോ അസാന്നിധ്യമോ ആവും ഇതിന്റെ ആത്യന്തികഫലം. സ്കൂളു കളെക്കുറിച്ചു പറയുന്നിടത്ത് കുട്ടികൾ കുറഞ്ഞ സ്കൂളുകൾ സംയോ ജിപ്പിക്കണമെന്നാണ് പുതിയ നയത്തിൽ എഴുതിവച്ചിരിക്കുന്നത്. ഇത്തരം തീരുമാനങ്ങൾ ബാധിക്കുക ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലെ പാവപ്പെട്ട വിഭാഗങ്ങളെയാവും എന്നത് ഉറപ്പാണ്.

സമാനമായ രീതി ഉന്നതവിദ്യാഭ്യാസരംഗത്തും സ്വീകരിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ചെറിയ കോളേജുകൾ നിലനിൽക്കണമെങ്കിൽ അവ കൂടുതൽ കുട്ടികളെ ആകർഷിക്കുകയും നടത്തിപ്പിനുള്ള ചെലവു കൾ സ്വയം കണ്ടെത്തുകയും വേണം. ബിരുദകോളേജുകളെല്ലാം മൾട്ടി ഡിസിപ്ലിനറി ക്യാമ്പസുകളായി മാറേണ്ടിവരുമ്പോൾ സ്വാഭാവികമായും അവ നഗരകേന്ദ്രിതമാവും. ഫലത്തിൽ ഗ്രാമങ്ങളിലെ വിദ്യാർഥികളെ യാവും ഇത് ബാധിക്കുക. ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യസ്ഥാപ നങ്ങൾക്ക് വലിയ പ്രോത്സാഹനമാണ് നയം വാഗ്ദാനം ചെയ്യുന്നത്. വിദേശ യൂണിവേഴ്സിറ്റികളുടെ ക്യാമ്പസ് അനുവദിക്കാനുള്ള നീക്കവും വിദ്യാഭ്യാസത്തിന്റെ ചെലവ് വർധിക്കാൻ ഇടയാക്കും. സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം നിലവാരം വർധിപ്പിച്ചേക്കാമെങ്കിലും ദുർബല വിഭാഗങ്ങൾക്ക് സംവരണവും സാമ്പത്തികപിന്തുണയും ഉറപ്പാക്കുന്നി ല്ലെങ്കിൽ ഇത്തരം സംവിധാനങ്ങൾ അവർക്ക് അപ്രാപ്യമാകും.

തൊഴിൽവിദ്യാഭ്യാസം നൽകുമെന്ന പ്രഖ്യാപനം വലിയ പ്രതീക്ഷ യോടെയാണ് പലരും കാണുന്നത്. എന്നാൽ ഇത് മിക്കവാറും പ്രാദേശി കമായ ഏതെങ്കിലും തൊഴിലിലുള്ള സാമാന്യപരിചയം മാത്രമായി ഒതുങ്ങും. അതിന് പ്രാദേശികവിദഗ്ധരെ ആശ്രയിക്കുമെന്നല്ലാതെ സ്ഥിരമായ ഒരു സംവിധാനം സ്കൂളിൽ ഒരുക്കുമെന്ന് പറയുന്നില്ല. ഉന്നതവിദ്യാഭ്യാസരംഗത്താവട്ടെ, സ്വകാര്യമേഖലയുമായി സഹകരി ച്ചുള്ള തൊഴിൽപഠനം കുട്ടികൾക്കാണോ സംരംഭകർക്കാണോ ഗുണം ചെയ്യുകയെന്നത് കാത്തിരുന്നു കാണണം.

സംവരണത്തെയോ സൗജന്യത്തെയോ സ്കോളർഷിപ്പുകളെയോ കുറിച്ച് പറയാത്ത വിദ്യാഭ്യാസനയം ഈ മേഖലയിൽ നിക്ഷേപിക്കാൻ കാത്തിരിക്കുന്ന കോർപ്പറേറ്റുകൾക്ക് എല്ലാ സൗകര്യവും ഒരുക്കുന്നു. 2001ൽ കേന്ദ്രസർക്കാർ തയ്യാറാക്കിയ ബിർള–അംബാനി റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങളെല്ലാം പ്രയോഗത്തിൽ കൊണ്ടുവരുന്ന നയമാണ് ഇപ്പോഴത്തെ കേന്ദ്രസർക്കാറും പിന്തുടരുന്നത്.

*വികേന്ദ്രീകൃതമായ ഭരണസംവിധാനങ്ങൾ നിലവിൽ വന്ന സാഹചര്യത്തിൽ ഈ നയം അതിനെ എപ്രകാരമാണ് പ്രയോജനപ്പെടുത്താൻ പോകുന്നത്?*

കേന്ദ്രീകരണത്തിൽ വിശ്വസിക്കുകയും അതിനായി നിയമങ്ങൾ കാറ്റിൽപറത്തുകയും ചെയ്യുകയെന്നത് ബി.ജെ.പി.യുടെ പതിവ് രീതിയാണെന്ന് നമുക്കറിയാം. ഫെഡറൽ സംവിധാനത്തെ നോക്കുകുത്തിയാക്കുംവിധം വിദ്യാഭ്യാസത്തിന്റെ സമസ്തമേഖലകളിലും കേന്ദ്രത്തിന്റെ പിടിമുറുക്കാനുള്ള നിരവധി നിർദേശങ്ങളാണ് ഈ നയത്തിലുമുള്ളത്.

അധ്യാപകരുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും നിലവാരനിർണയം നടത്താൻ കേന്ദ്രം ഒരുങ്ങുകയാണ്. അധ്യാപകരുടെ പ്രമോഷൻ അവരുടെ പെർഫോർമൻസ് അനുസരിച്ചാവും എന്നാണ് പറയുന്നത്. സ്ഥാപനങ്ങൾക്കുള്ള കേന്ദ്രസഹായം അവയുടെ നിലവാരവുമായി ബന്ധപ്പെടുത്തുന്ന രീതി എല്ലാ മേഖലയിലും വന്നേക്കും. 3, 5, 8 ക്ലാസുകളിൽ പുതുതായി കേന്ദ്രം ഏർപ്പെടുത്തുന്ന പരീക്ഷ, സംസ്ഥാനങ്ങളെ സമ്മർദത്തിലാഴ്ത്തുമെന്നതിൽ സംശയം വേണ്ട.

ദേശീയതലത്തിൽ വർധിച്ചുവരുന്ന എൻട്രൻസ് പരീക്ഷകളും കേന്ദ്രീകരണത്തിന്റെ ഭാഗംതന്നെ. കരിക്കുലം, സിലബസ്, മൂല്യനിർണയം എന്നീ മേഖലകളിലെല്ലാം വർധമാനമായ കേന്ദ്രീകരണമാണ് വരാൻ പോകുന്നത്. ഗവേഷണത്തിനുള്ള ധനസഹായം ലഭിക്കണമെങ്കിൽ ബന്ധപ്പെട്ട കേന്ദ്രഏജൻസി നിർദേശിക്കുന്ന വിഷയങ്ങളിൽ പഠനം നടത്തേണ്ട സ്ഥിതിയാണ്. NAC പോലുള്ള അക്രഡിറ്റേഷൻ സംവിധാനങ്ങളും കേന്ദ്രീകരണത്തിന്റെ ഭാഗംതന്നെ. കേന്ദ്രീകരണം ചില കാര്യങ്ങളിൽ ചില ഗുണങ്ങൾ ചെയ്യുമെങ്കിലും അത് എപ്രകാരമാണ് ബി.ജെ.പി. പോലുള്ള മത-ദേശീയവാദികൾ ഉപയോഗപ്പെടുത്തുകയെന്നത് ഊഹിക്കാവുന്നതേയുള്ളൂ.

സമഗ്ര ശിക്ഷ, റൂസ, നാഷണൽ ടെസ്റ്റിങ്ങ് ഏജൻസി, പാരഖ് (PARAKH), പ്രൊഫഷണൽ സ്റ്റാന്റേർഡ് സെറ്റിങ്ങ് ബോഡി, എൻ.സി.

ഇ.ആർ.ടി, ബോർഡ് ഓഫ് അസസ്മെന്റ്, നാഷണൽ സ്കൂൾ ഓഫ് ഓപ്പൺ സ്കൂളിങ്ങ് തുടങ്ങിയ വിവിധങ്ങളായ പദ്ധതികളും ഏജൻസികളും സ്ഥാപനങ്ങളുംവഴി കേന്ദ്രനയം നടപ്പാക്കാൻ സംസ്ഥാനങ്ങളെ നിർബന്ധിതമാക്കുന്ന അവസ്ഥയും ഉണ്ട്. സംസ്ഥാനങ്ങൾക്ക് ഫണ്ട് കിട്ടണമെങ്കിൽ മുകളിൽനിന്ന് നിർദേശിക്കുന്ന രീതിയിലും മേഖലകളിലും പ്രവർത്തിക്കേണ്ടിവരും.

സ്കൂൾവിദ്യാഭ്യാസത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ഇനിയും വർധിപ്പിക്കണമെന്ന പക്ഷക്കാരാണ് നാം. എന്നാൽ ഈ നയരേഖയിൽ ഒരിടത്തും വിദ്യാഭ്യാസരംഗത്ത് തദ്ദേശഭരണകൂടത്തിനുള്ള പങ്കിനെക്കുറിച്ചോ പ്രവർത്തനദിശ സംബന്ധിച്ചോ യാതൊരു പരാമർശവുമില്ല എന്നത് എല്ലാം മുകളിൽനിന്ന് തീരുമാനിക്കാനുള്ള പ്രവണതയുടെ ഭാഗമായിത്തന്നെ കാണണം.

*പുതിയ വിദ്യാഭ്യാസനയത്തിന്റെ അലയൊലികൾ സംസ്ഥാനങ്ങളിലും ദൃശ്യമായിത്തുടങ്ങിയിരിക്കുന്നു. ഏതുതരത്തിലാണ് വിവിധ സംസ്ഥാനങ്ങൾ ഈ നയത്തെ സമീപിച്ചുകൊണ്ടിരിക്കുന്നത്?*

രാജാവിനെക്കാളും വലിയ രാജഭക്തിയാണ് ഇക്കാര്യത്തിൽ പല സംസ്ഥാനങ്ങളും കാണിക്കുന്നത്. ഉദാഹരണമായി സ്കൂളുകളെ പരസ്പരം സംയോജിപ്പിച്ച് ലാഭകരമാക്കണമെന്ന നിർദേശം നോക്കുക. ഇത് 2017ൽ നീതി ആയോഗ് ആവശ്യപ്പെട്ട കാര്യംകൂടിയാണ്. രാജ്യത്താകെയുള്ള 11 ലക്ഷം വിദ്യാലയങ്ങളിൽ 6.5 ലക്ഷം മാത്രമേ നിലനിർത്തേണ്ടതുള്ളൂ എന്നാണ് അവരുടെ വാദം. ബാക്കിയുള്ളവയെ ഇവയോട് സംയോജിപ്പിക്കണം. അതിന്റെ ആരംഭം പലരും കുറിച്ചുകഴിഞ്ഞു.

ഹരിയാനയിൽ മുഖ്യമന്ത്രിയുടെ ‘ചിരാഗ്’പദ്ധതിപ്രകാരം സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് സ്വകാര്യവിദ്യാലയങ്ങളിൽ പഠിക്കുന്നതിന് സർക്കാർ സാമ്പത്തികസഹായം നൽകും. 2 മുതൽ 5 വരെ ക്ലാസുകാർക്ക് 700 രൂപയും 6 മുതൽ 8 വരെയുള്ളവർക്ക് 900 രൂപയും 10 മുതൽ 12 വരെ ക്ലാസുകാർക്ക് 1100 രൂപയും പ്രതിമാസം നൽകുമെന്നാണ് വാഗ്ദാനം. ഇതിലൂടെ കുട്ടികൾ കുറയുന്ന സർക്കാർ വിദ്യാലയം ക്രമേണ ഇല്ലാതാവുമല്ലോ.

മധ്യപ്രദേശിലെ സി.എം.റൈസ് പദ്ധതി ലക്ഷ്യമിടുന്നത് സംസ്ഥാനത്തെ ഒരു ലക്ഷത്തോളമുള്ള വിദ്യാലയങ്ങളെ സംയോജിപ്പിച്ച് 9500 എണ്ണമാക്കി സമീകരിക്കാനാണ്. സ്കൂൾ കോംപ്ലക്സ് സംബന്ധിച്ച കേന്ദ്രനയത്തെ മുൻനിർത്തിയാണ് ഇതിനുള്ള പഴുത് കണ്ടെത്തിയിരിക്കുന്നത്.

ആന്ധ്രപ്രദേശിൽ 8000 പ്രൈമറി വിദ്യാലയങ്ങളെ ഇല്ലാതാക്കാനുള്ള നീക്കത്തിനാണ് തുടക്കമിട്ടത്. ആ വിദ്യാലയങ്ങളിലെ 1, 2 ക്ലാസുകളെ സമീപത്തെ അങ്കണവാടികളുമായും 3 മുതലുള്ള ക്ലാസുകളെ മൂന്നു മീറ്റർ ചുറ്റളവിലുള്ള ഹൈസ്കൂളുമായും സംയോജിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനെല്ലാമുള്ള പ്രോത്സാഹനമായി കേന്ദ്രവിദ്യാഭ്യാസനയവും മറ്റുതരത്തിലുള്ള സമ്മർദങ്ങളും ഏറുന്നു എന്നതാണ് വാസ്തവം.

മഹാരാഷ്ട്രയിൽ കഴിഞ്ഞ മാർച്ചുമാസം ഇറങ്ങിയ ഉത്തരവുപ്രകാരം അടിയന്തിര സാഹചര്യത്തിൽ സർക്കാർ ജീവനക്കാരെ കരാർ ഏജൻസികൾ മുഖാന്തിരം എടുക്കാനാവും. അധ്യാപകതസ്തികയിലടക്കം ചെറിയ വേതനംമാത്രം നൽകി ഇത്തരത്തിൽ പോസ്റ്റിങ്ങ് നടത്താനാവും. ഇത് ക്രമത്തിൽ ഒരു സ്ഥിരസംവിധാനമായി മാറിയേക്കും.

എന്നാൽ മാനേജ്മെന്റ് പൂട്ടാൻ തയ്യാറായ എയിഡഡ് സ്കൂളുകളെപ്പോലും ഏറ്റെടുത്ത അനുഭവമാണ് കേരളത്തിൽ നാം കണ്ടത്. പക്ഷേ, കേരളസർക്കാർ കേന്ദ്രനയപ്രകാരം അൺഎയ്ഡഡിൽ പഠിക്കുന്നതിന് കുട്ടികൾക്ക് ധനസഹായം നൽകുന്നില്ലെന്നും അതു നൽകിയില്ലെങ്കിൽ സുപ്രീംകോടതിയിൽ പോകുമെന്നും ദേശീയ ബാലാവകാശസംരക്ഷണ കമ്മീഷൻ അധ്യക്ഷ ഉത്തരവിട്ടത് പത്രങ്ങളിൽ വരികയുണ്ടായി. പ്രാപ്യമായ ദൂരത്തിൽ പൊതുവിദ്യാലയങ്ങൾ കേരളത്തിൽ ലഭ്യമാവുകയും, അവിടങ്ങളിൽ സൗജന്യവിദ്യാഭ്യാസ സൗകര്യം കിട്ടുകയും ചെയ്യുമെന്നിരിക്കേ, അൺഎയ്ഡഡ് വിദ്യാലയങ്ങളെ പ്രകീർത്തിക്കാനും അവിടേക്ക് കുട്ടികളെ തെളിച്ചുകൊണ്ടു പോകാനുമുള്ള നീക്കം കേന്ദ്രസർക്കാർ നടത്തുന്ന സ്വകാര്യവത്കരണനയത്തിന്റെ ഭാഗമായിത്തന്നെ വായിച്ചെടുക്കണം.

2022–23 അധ്യയനവർഷം മുതൽ 6 മുതൽ 12 വരെയുള്ള ക്ലാസുകളിൽ ഭഗവത്ഗീത സ്കൂൾ സിലബസിന്റെ ഭാഗമാകും എന്ന് ഗുജറാത്ത് വിദ്യാഭ്യാസമന്ത്രി ജിതു വഗാനി പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെ, ബിജെപി ഭരണത്തിലുള്ള മറ്റ് പല സംസ്ഥാനങ്ങളിലും സമാനമായ നീക്കങ്ങൾ ഉണ്ടായി. അന്നത്തെ കർണാടക വിദ്യാഭ്യാസമന്ത്രി ബി.സി. നാഗേഷ്, സംസ്ഥാനത്തെ സ്കൂളുകളിൽ ഭഗവദ്ഗീത പഠിപ്പിക്കുമെന്നും ധാർമികവിദ്യാഭ്യാസം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അതിനാൽ രാമായണത്തിലെയും മഹാഭാരതത്തിലെയും കഥകൾ സിലബസിൽ ഉൾപ്പെടുത്തുമെന്നും വ്യക്തമാക്കി.

ഭഗവദ്ഗീത, വേദങ്ങൾ, ഉപനിഷത്തുകൾ എന്നിവ സ്കൂൾപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് ഉത്തരാഖണ്ഡ് സർക്കാർ പ്രഖ്യാപി

ച്ചത് ഈയിടെയാണ്. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ് (IHC) ഇതിനെ എതിർക്കുകയും ഇത്തരം മാറ്റങ്ങൾ കൊണ്ടുവരുന്നത് അക്കാദമിക് വികസനം ലക്ഷ്യംവച്ചുകൊണ്ടല്ലെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു.

ഇന്ന് ഇന്ത്യയിൽ ഭൂരിപക്ഷം സംസ്ഥാനങ്ങളും സംസ്ഥാന പാഠ്യപദ്ധതി ഉണ്ടാക്കാനുള്ള നിയമപരമായ അവകാശം ഉപയോഗിക്കാതെ NCERT കരിക്കുലം തന്നെ ചെറിയ ക്ലാസ് മുതൽ നേരിട്ട് നടപ്പിലാക്കുകയാണ്. ഇത് കൂടുതൽ പ്രദേശങ്ങളിലേക്ക് വർഗീയ അജണ്ടകൾ കടത്തിവിടാൻ കേന്ദ്രസർക്കാരിന് സൗകര്യം നൽകുന്നു.

*ഇത്തരം കാര്യങ്ങളിൽ ചെറുത്തുനിൽപ്പുകളും ബദലുകളും അനിവാര്യമല്ലേ? അത് സംഭവിക്കുന്നുണ്ടോ? ഇക്കാര്യത്തിൽ കേരളം എടുക്കുന്ന നിലപാടുകൾ എത്രകണ്ട് പ്രധാനമാണ്?*

കേന്ദ്രസർക്കാർ വിദ്യാഭ്യാസമേഖലയിൽ കൈക്കൊള്ളുന്ന പല നിലപാടുകളും നമ്മുടെ മതേതരസംവിധാനത്തെ തകർക്കാൻ ലക്ഷ്യമിട്ട് ആസൂത്രണം ചെയ്തവയാണ്. കോവിഡിന്റെ പേരുപറഞ്ഞ് CBSEയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളിൽ ഉപയോഗിക്കുന്ന പാഠപുസ്തകങ്ങളിൽനിന്ന് പാഠഭാഗങ്ങൾ പലതും നീക്കിയപ്പോൾ അത് അക്ഷരംപ്രതി നടപ്പിലാക്കാനാണ് മിക്ക സംസ്ഥാനങ്ങളും ശ്രമിച്ചത്. കേരളം 11, 12 ക്ലാസുകളിലെ 44 പാഠപുസ്തകങ്ങൾ മാത്രമാണ് NCERTയിൽ നിന്നും സ്വീകരിച്ചിട്ടുള്ളത്. പല എൻട്രൻസ് പരീക്ഷകളും ഇതിനെ ആസ്പദമാക്കിയാണ് എന്നതിനാലാണ് ഇങ്ങനെ ചെയ്യേണ്ടി വരുന്നത്. എന്നാൽ ഈ പുസ്തകങ്ങളിൽനിന്നും നീക്കം ചെയ്യപ്പെട്ട പാഠഭാഗങ്ങൾ പ്രത്യേകം അച്ചടിച്ചുകൊടുത്താണ് കേരളം ഇതിനെ പ്രതിരോധിച്ചത്.

ഇന്ത്യയിൽ തമിഴ്നാട്, പശ്ചിമബംഗാൾ എന്നിങ്ങനെ ചുരുക്കം സംസ്ഥാനങ്ങൾ മാത്രമാണ് ഇത്തരത്തിൽ കേന്ദ്രതീരുമാനത്തെ ഏതെങ്കിലും രീതിയിൽ പ്രതിരോധിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ കേരളം കൈക്കൊള്ളുന്ന ധീരമായ ചെറുത്തുനിൽപ്പുകൾ പ്രതീക്ഷാനിർഭരമാണ്.

ഇത്രത്തോളമില്ലെങ്കിലും ഇപ്പോഴും ചില ചെറുത്തുനിൽപ്പുകൾ പല സംസ്ഥാനങ്ങളിലും ഉണ്ടാകുന്നുണ്ട്. ഝാർഖണ്ഡിൽ സ്കൂളുകൾ അടച്ചുപൂട്ടാൻ എടുത്ത തീരുമാനങ്ങളിൽനിന്ന് ജനങ്ങളുടെ സമ്മർദത്താൽ സർക്കാറിന് പുറകോട്ടുപോകേണ്ടിവന്നു. രാജസ്ഥാനിൽ ബി.ജെ.പി.സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ പതിനേഴായിരത്തിൽ പരം സ്കൂളുകൾ വീണ്ടും തുറക്കാൻ സർക്കാർ നിർബന്ധിതമായി.

കർണാടകത്തിൽ പതിനാലായിരത്തിൽപരം സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചതിനെതിരെ വലിയതോതിലുള്ള ജനരോഷമാണ് ഉണ്ടായത്. ആന്ധ്രപ്രദേശിലും പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാണ്. ഒറീസയിൽ നീതി ആയോഗ് നിർദേശപ്രകാരം 8000 വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ ശ്രമിച്ചതിനെതിരെ വലിയ ജനകീയപ്രക്ഷോഭം ഉണ്ടാവുകയും എസ്.എം.സികൾ സംഘടിച്ച് കേസ് കൊടുക്കുകയും ചെയ്തു. കുട്ടികൾക്ക് പഠിക്കാനുള്ള എല്ലാ സൗകര്യവും ഉറപ്പാക്കുകയാണ് വേണ്ടതെന്നും സ്കൂളുകൾ അടച്ചുപൂട്ടേണ്ട കാര്യമില്ലല്ലോ എന്നും ഒറീസ ഹൈക്കോർട്ട് സിംഗിൾബെഞ്ച് ആദ്യഘട്ടത്തിൽ വിധിച്ചു. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലും സ്കൂൾ അടച്ചുപൂട്ടൽ അത്ര എളുപ്പമല്ല.

അക്കാദമികമായി നടത്തുന്ന അതിക്രമങ്ങളെയും ഇതോടൊപ്പം ജനങ്ങൾ കാണുന്നുണ്ട്. കർണാടകയിൽ ഏകപക്ഷീയമായി പാഠപുസ്തകങ്ങളിൽനിന്നും നവോത്ഥാന ആശയങ്ങളെ ഒഴിവാക്കിയതിനെതിരെ വലിയ പ്രതിഷേധം ഉയർന്നുവരികയുണ്ടായത് ഉദാഹരണം. സർക്കാരിന് അതിൽനിന്നും പിന്മാറേണ്ടിവന്നു. കർണാടകത്തിലെ ഭരണമാറ്റത്തിന് ഇതും ഒരു കാരണമായി സാമൂഹികവിമർശകർ സൂചിപ്പിക്കുന്നുണ്ട്.

ഹരിയാനയിൽ യൂണിവേഴ്സിറ്റികളും കോളേജുകളും അധ്യാപകരുടെ ശമ്പളം ഉൾപ്പെടെയുള്ള പ്രവർത്തനമൂലധനം സ്വയമേവ കണ്ടെത്തണമെന്ന സർക്കാർ തിട്ടൂരം അവർക്കുതന്നെ പിൻവലിക്കേണ്ടിവന്നു. ഇതെല്ലാം ഒരുപക്ഷെ താത്കാലികവിജയങ്ങളാവാം. ഇത്തരം വിജയങ്ങൾ സ്ഥായിയായി നിൽക്കണമെങ്കിൽ ബഹുജനപങ്കാളിത്തത്തോടെയുള്ള മുന്നേറ്റങ്ങൾ അനിവാര്യമാണ്. അതിനായുള്ള ശ്രമങ്ങളാണ് വ്യാപകമായി ഉണ്ടാകേണ്ടത്.

ദേശീയതലത്തിലും പലതരത്തിലുള്ള മുന്നേറ്റങ്ങൾ രൂപപ്പെട്ടു വരുന്നുണ്ട്. അഖിലേന്ത്യാശാസ്ത്രപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ 2023 ഏപ്രിൽ 30ന് നടന്ന ദേശീയവിദ്യാഭ്യാസ അസംബ്ലിയിൽ ബഹുജനസംഘടനകളിൽനിന്നുൾപ്പെടെ 600ലധികംപേർ പങ്കെടുകയുണ്ടായി. വിദ്യാഭ്യാസരംഗത്ത് ജനവിരുദ്ധനയങ്ങൾക്കും കാവിവത്കരണത്തിനും എതിരായുള്ള വിപുലമായ കൂട്ടായ്മകൾ വളർത്തിയെടുക്കാനും ഈ പ്രശ്നത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനും സമ്മേളനത്തിന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. ഇത്തരം മുന്നേറ്റങ്ങൾക്ക് അധ്യാപക-വിദ്യാർഥി സംഘടനകളും നേതൃത്വംനൽകിവരുന്നു.

ഒരു രാഷ്ട്രത്തിലെ പൗരസമൂഹത്തിന്റെ എല്ലാവിധ വളർച്ചക്കും

നിദാനമാകുന്ന സുപ്രധാനഘടകങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. ഒരു സമൂഹത്തിന്റെ ആകെ ജീവിതഗുണസൂചിക കണക്കാക്കുമ്പോൾ അതിൽ പ്രത്യക്ഷമായും പരോക്ഷമായും വിദ്യാഭ്യാസത്തിന് നിർണായ കമായ പങ്കുണ്ട്. വിദ്യാഭ്യാസം എന്നത് താൻ ജീവിക്കുന്ന സാമൂഹികാ വസ്ഥയിൽനിന്നും കുറേക്കൂടി മെച്ചപ്പെട്ട അവസ്ഥയിലേക്ക് സമൂഹ ത്തെ പുന:സൃഷ്ടിക്കാനുള്ള ഉപാധികൂടിയാണ്. അതുകൊണ്ടാണ് വിദ്യാഭ്യാസത്തെ വിമോചനത്തിനുള്ള ഉപാധിയായി മഹാത്മജി അട ക്കമുള്ള ദേശീയനേതാക്കൾ മുന്നോട്ടുവച്ചത്. സ്വാതന്ത്ര്യസമരഘട്ടത്തി ലടക്കം വിമോചനത്തിന് നേതൃത്വംനൽകിയവരെല്ലാം വിദ്യാഭ്യാസ ത്തിന്റെ രാഷ്ട്രീയ ഉള്ളടക്കം ഉൾക്കൊണ്ടുകൊണ്ടാണ് ആശയങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. അതിന്റെ പ്രതിഫലനം ഭരണഘടന രൂപീകരി ക്കുന്ന ഘട്ടത്തിലും തുടർന്നിങ്ങോട്ടും ഉണ്ടായിട്ടുണ്ട്. ഇത്തരമൊരു ദേശീയപശ്ചാത്തലത്തിലാണ് എല്ലാവരെയും ഉൾച്ചേർക്കുന്നതും ഉൾ ക്കൊള്ളുന്നതും മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അടിയു റച്ചതുമായ ഒരു ബദൽ വികസിപ്പിക്കാനുള്ള ഉത്തരവാദിത്തം കേരള സമൂഹത്തിന് ഉണ്ടെന്നു പറയുന്നത്. അതുകൊണ്ടുതന്നെ ജനവിരുദ്ധ വിദ്യാഭ്യാസനയത്തിനെതിരായ ജനകീയൈക്യനിര പടുത്തുയർത്തു ന്നതോടൊപ്പം ബദലുകൾ വളർത്തിയെടുക്കാനുള്ള ആഴത്തിലുള്ള സംവാദങ്ങളും നടക്കട്ടെ.

**അവലംബം:**

1. https://indianexpress.com/article/express exclusive/express-investigation-part-4-at-table-reworking-school-curriculum-24-with-rss-links-7980779/

2. Aditya Mukherjee & Mridula Mukherjee (2001), Commun- alisation of Education The History Textbooks Controversy, Delhi Historian's Group

3. https://bharatabharati.in/2014/07/31/httpwp-mepei6d-i5u/

4. https://thewire.in/education/rajasthan-textbooks-revised-glorify-modi-government

| | |
|---|---|
| മലയാളം | malayalam |
| **വിദ്യാഭ്യാസരംഗത്തെ വർഗീയ കടന്നാക്രമണങ്ങൾ: കരുതിയിരിക്കാം ചെറുക്കാം** | **vidyabyasaramgathe vargeeya kadannaakramanangal: karuthiyirikam cherukkam** |
| ഒന്നാം പതിപ്പ് : നവംബർ 2023 | first edition : november 2023 |
| പ്രസാധനം, വിതരണം : കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തൃശ്ശൂർ - 680004 | published & distributed by : kerala sasthra sahithya parishath thrissur - 680004 |
| ഇ-മെയിൽ : publicationkssp@gmail.com | e-mail : publicationkssp@gmail.com |
| അച്ചടി : തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്, അങ്കമാലി | printing : theressa offset printers, angamaly |

വില: 25.00

KSSP 2880 I E NOV 2023 D 1/8 7K 2500 LL24/23